മുസ്‌ലിമിൻെറ രക്ഷാകവചം

(ദുആകൾ ദിക്റുകൾ)

സഊദ് ബിൻ അലിയ്യ് ബിൻ വഹ്ഫ് അൽ ഖഹ്ത്വാനി

വിവർത്തനം

കെ. എം. ഫൈസി തരിയോട്

ഇസ്‌ലാമിക് സെൻറർ, ഉനൈസ,
സഊദി അറേബ്യ
പി. ഒ. ബോക്സ്: 808. ഫോൺ: 3644506/3654004

ദിക്റിൻെറ ശ്രേഷ്ടത.

﴿ ﴾ :

അല്ലാഹു പറയുന്നു: "അതിനാൽ നിങ്ങൾ എന്നെ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. നിങ്ങൾ എന്നോട് നന്ദി കാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കുകയും അരുത്. [അൽ ബഖറ :152]

﴿ ﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുക. [അഹ്സാബ്:41]
"ധാരാളമായി അല്ലാഹു വിനെ സ്മരിക്കുന്ന പുരുഷന്മാരും സ്മരിക്കുന്ന സ്ത്രീകളും ഇവർക്ക് നിശ്ചയമായും അല്ലാഹു പാപമോചനവും മഹത്താ യ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു." [അഹ്സാബ് :35].
വിനയത്തോടും ഭയപ്പാടോടും കൂടി വാക്ക് ഉച്ചത്തിലാകാതെ രാവിലേയും വൈകുന്നേരവും നീ നിൻെറ നാഥനെ മനസ്സിൽ സ്മരിക്കുക. നീ അശ്രദ്ധാലുക്കളിലാകരുത്.[അഅ്റാഫ് 205]

നബി(സ) പറയുന്നു: തൻെറ രക്ഷിതാവിനെ സ്മരിക്കുന്നവ ൻെറയും തൻെറ രക്ഷിതാവിനെ സ്മരിക്കാത്തവൻെറയും ഉപമ ജീവനുള്ളവൻെറയും മരണപ്പെട്ടവൻെറയും ഉപമയാണ്. [ബുഖാരി]
നബി (സ) പറയുന്നു: നിങ്ങളുടെ കർമ്മങ്ങളിൽ ഉത്തമ മായതും നിങ്ങളുടെ യജമാനൻെറ അടുക്കൽ കൂടുതൽ പരിശുദ്ധിയുള്ളതും നിങ്ങളുടെ പദവികളിൽ അധികം ഉന്നതി നൽകുന്നതും സ്വർണവും വെള്ളിയും ചെലവാക്കു ന്നതിനേക്കാളും ശത്രുവുമായി ഏറ്റുമുട്ടി നിങ്ങൾ അവരുടേ യും അവർ നിങ്ങളുടേയും ഗളഛേദം ചെയ്യുന്നതിനേക്കാളും നല്ലതുമായ ഒരു കാര്യം നിങ്ങളെ ഞാൻ അറിയിക്കട്ടെ? അവർ പറഞ്ഞു: അതെ. നബി (സ) പറഞ്ഞു: അത്യുന്നതനായ അല്ലാഹുവിനെ ഓർക്കുക. [തുർമുദി] നബി (സ) പറഞ്ഞു: അല്ലാഹു പറയുന്നു: എൻെറ ദാസൻ എന്നെക്കുറിച്ച് ധരി ക്കുന്നതിന് അനുസരിച്ചാണ് ഞാൻ. അവൻ എന്നെ സ്മരി ക്കുമ്പോൾ ഞാൻ അവൻെറ കൂടെയാകുന്നു. അവൻ എന്നെ സ്വന്തത്തിൽ സ്മരിച്ചാൽ ഞാനും അവനെ സ്വന്തത്തിൽ സ്മരിക്കുന്നതാണ്. അവൻ എന്നെ ഒരു സമൂഹത്തിൽ സ്മരിച്ചാൽ അതിനേക്കാൾ ഉത്തമമായ ഒരു സമൂഹത്തിൽ ഞാൻ അവനേയും സ്മരിക്കുന്നതാണ്. അവൻ എന്നോട് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞാൻ അവനോട് അടുക്കുന്നതാണ്. അവൻ എന്നോട് ഒരു മുഴം അടുത്താൽ ഒരു വാര ഞാൻ അടുക്കുന്നതാണ്. അവൻ എൻെറ അടുത്തേക്ക് നടന്നു വന്നാൽ ഞാൻ അവൻെറ അടുത്തേക്ക് ഓടിച്ചെല്ലുന്നതാണ്. [ബുഖാരി, മുസ്ലിം].
അബ്ദുല്ലാഹിബ്നു ബുസ്റിൽ നിന്ന് നിവേദനം: ഒരാൾ കടന്നുവന്നു പറഞ്ഞു: തിരുദൂതരേ, ഇസ്ലാമിക നടപടി കൾ എനിക്ക് അധികമായിരിക്കുന്നു. (അതൊക്കെ ചെയ്തു പോരാൻ എനിക്ക് കഴിയുന്നില്ല) അതിനാൽ എനിക്ക് (എളുപ്പത്തിൽ) ചെയ്തുപോരാൻ കഴിയുന്ന വല്ലതും പറഞ്ഞു തന്നാലും. തിരുമേനി (സ) പറഞ്ഞു: അല്ലാഹുവിൻെറ ദിക്ർ കൊണ്ട് നിൻെറ നാവ് സദാ പച്ചയായിക്കൊണ്ടിരി ക്കട്ടെ. [തുർമുദി, ഇബ്നുമാജ].

നബി (സ) പറയുന്നു: ഒരാൾ അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ നിന്ന് ഒരക്ഷരം വായിച്ചാൽ അതിനവന് ഒരു നന്മയുണ്ട്. ഓരോ നന്മയും അതിൻെറ പത്തിരട്ടിയാക്കപ്പെടുന്നതാണ്. 'അലിഫ്ലാംമീം' എന്നത് ഒരക്ഷരമാണെന്ന് ഞാൻ പറയു ന്നില്ല. പ്രത്യുത 'അലിഫ്' ഒരക്ഷരവും 'ലാം' ഒരക്ഷരവും 'മീം' ഒരക്ഷരവുമാണ്. [തുർമുദി] (ഓരോന്നിനും പ്രത്യേകം പത്തിരട്ടിവെച്ച് പ്രതിഫലം ലഭിക്കുമെന്നർത്ഥം.)
ഉഖ്ബത്ത്ബ്ന് ആമിറിൽ നിന്ന് നിവേദനം: "ഞങ്ങൾ പള്ളിയുടെ താഴ്വരയിലായിരിക്കെ നബി തിരുമേനി (സ) ചോദിച്ചു: നിങ്ങൾ എല്ലാദിവസവും ബുത്വ്ഹാനിലോ അഖീ ഖിലോ പോയി കുറ്റമോ കുടുംബ ബന്ധം മുറിക്കുകയോ ചെയ്യാതെ ഉയർന്ന പൂഞ്ഞയുള്ള രണ്ട് ഒട്ടകത്തെ കൊണ്ടുവ രുന്നത് ഇഷ്ടപ്പെടില്ലേ? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിൻെറ ദൂതരേ, ഞങ്ങളത് ഇഷ്ടപ്പെടുന്നു. നബി (സ) പറഞ്ഞു: നിങ്ങളിലൊരാൾ പള്ളിയിലേക്ക് പോവുകയും

അല്ലാഹു വിൻെറ ഗ്രന്ഥത്തിൽ നിന്ന് രണ്ടു സൂക്തങ്ങൾ പഠിക്കു കയോ പാരായണം നടത്തുകയോ ചെയ്യുന്നത് ആ രണ്ട് ഒട്ടകത്തേക്കാൾ അവന് ഉത്തമമല്ലെ? മൂന്ന് സൂക്തങ്ങൾ മൂന്നൊട്ടകത്തേക്കാളും ഉത്തമമാണ്. നാല് സൂക്തങ്ങൾ നാല് ഒട്ടകത്തേക്കാളും ഉത്തമമാണ്. തുടർന്ന് ഓരോന്നും ഓരോ ഒട്ടകത്തിൻെറ എണ്ണത്തേക്കാളും ഉത്തമമാണ്. [മുസ്ലിം].

നബി (സ) പറയുന്നു: ഒരിടത്ത് ഇരുന്നവൻ അവിടെ വെച്ച് അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ അവന് അല്ലാഹുവിൽ നിന്നുള്ള നാശമുണ്ടാകുന്നതാണ്. ഒരിടത്ത് കിടക്കുന്നവൻ അവിടെ വെച്ച് അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ അവന് അല്ലാഹുവിൽ നിന്ന് നാശ നഷ്ടം ഭവിക്കുന്നതാണ്. [അബൂദാവൂദ്].

നബി (സ) പറയുന്നു: ഒരു സദസ്സിലിരിക്കുന്നവർ അവിടെ വെച്ച് അല്ലാഹുവിനെ സ്മരിക്കുകയും നബിയുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തില്ലെങ്കിൽ അത് അവർക്ക് നാശമായി ഭവിക്കാതിരിക്കില്ല. എന്നിട്ട് അല്ലാഹു ഉദ്ദേശി ച്ചാൽ അവരെ ശിക്ഷിക്കുകയോ അവർക്ക് പൊറുത്തുകൊ ടുക്കുകയോ ചെയ്യും. [തുർമുദി].

നബി (സ) പറയുന്നു: ഒരു സദസ്സിൽനിന്ന് അല്ലാഹുവിനെ സ്മരിക്കാതെ എഴുന്നേറ്റു പോകുന്നവർ കഴുതയുടെ ശവത്തി നരികിൽ നിന്ന് പോകുന്നവരെ പോലെയാണ്. ആ സദസ്സ് അവർക്ക് നഷ്ടമായിത്തീരുന്നു. [അബൂദാവൂദ്] .

1 ഉറക്കിൽ നിന്ന് ഉണരുമ്പോൾ ചൊല്ലേണ്ട ദിക്റുകൾ

-1

നമ്മെ മരിപ്പി(ഉറക്കി)ച്ച ശേഷം ജീവിപ്പിച്ച അല്ലാഹുവിനാണ് സർവ്വ സ്തുതിയും. അവങ്കലാണ് നമ്മുടെ പുനർ ജന്മം. [ബുഖാരി, മുസ്ലിം] .

-2

.

അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. അല്ലാഹു എത്ര പരിശുദ്ധൻ! സർവ്വ സ്തുതിയും അല്ലാഹുവി നാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ല. അല്ലാഹുവാണ് ഏറ്റം മഹാൻ. പാപത്തിൽ നിന്നുള്ള പിൻമാറ്റവും ആരാധന ക്കുള്ള ശക്തിയും ഉന്നതനും മഹാനുമായ അല്ലാഹുവിനെ കൊണ്ടുമാത്രമാണ്. നാഥാ എനിക്ക് പൊറുത്ത് തരേണമേ. ഇതു ചൊല്ലിയവന് അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുന്നതാണ്. എഴുന്നേറ്റ് വുളുവെടുത്ത് നമസ്കരിച്ചാൽ അത് സ്വീകരിക്കുന്നതാണ്. [ഇബ്നുമാജ, ബുഖാരി].

-3

അല്ലാഹുവിന് സർവ്വ സ്തുതിയും. അവൻ എൻെറ ശരീരത്തിന് സൗഖ്യം നൽകുകയും എൻെറ ആത്മാവിനെ തിരിച്ചു തരികയും അവനെ സ്മരിക്കാൻ എന്നെ അനുവദി ക്കുകയും ചെയ്തിരിക്കുന്നു. [തുർമദി]

(190) - 4

(191)

(192)

(193)

(194)

(196) (195)

(197)

(198)

(199)

(200-190) (200)

നിശ്ചയം ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പി ലും രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയു ള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമ്മിക്കുകയും ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിയെപ്പറ്റി ചിന്തിക്കു കയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും) ഞങ്ങ ളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്ത് രക്ഷിക്കേണമേ.
ഞങ്ങളുടെ രക്ഷിതാവേ നീ വല്ലവനേയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കി കഴിഞ്ഞു. അക്രമി കൾക്ക് സഹായികളായി ആരുമില്ലതാനും. ഞങ്ങളുടെ രക്ഷിതാവേ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസി ക്കുവിൻ എന്ന് പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറു ത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചു കളയുകയും ചെയ്യേണമേ. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ.
ഞങ്ങളുടെ രക്ഷിതാവേ, നിൻെറ ദൂതന്മാർ മുഖേന ഞങ്ങ ളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ ഞങ്ങൾക്ക് നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘി ക്കുകയില്ല, തീർച്ച. അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി. പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടേയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റു വിഭാഗത്തിൽ നിന്ന് ഉൽഭവിച്ചവരാകുന്നു. ആകയാൽ സ്വന്തം നാടു വെടിയുകയും സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും എൻെറ മാർഗ്ഗത്തിൽ മർദ്ദിക്കപ്പെടു കയും യുദ്ധത്തിലേർപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തി ട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിന്മകൾ മായ്ച്ചു കൊടുക്കുന്നതും താഴ്ഭാഗത്തുകൂടി അരുവികളൊ ഴുകുന്ന സ്വർഗ്ഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പി ക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിൻെറ പക്കലാണ് ഉത്തമമായ പ്രതിഫല മുള്ളത്. സത്യനിഷേധികൾ നാടുകളിലെങ്ങും സ്വൈരവിഹാ രം നടത്തിക്കൊണ്ടിരിക്കുന്നത് നിന്നെ ഒരിക്കലും വഞ്ചിതനാ ക്കിക്കളയരുത്. തുഛമായൊരു സുഖാനുഭവമാകുന്നു അത്. പിന്നീട് അവർക്കുള്ള സങ്കേതം നരകമത്രെ. അതത്രെ മോശമായ വാസസ്ഥലം! എന്നാൽ തങ്ങളുടെ രക്ഷിതാവി നെ സൂക്ഷിച്ച് ജീവിച്ചതാരോ അവർക്കാണ് താഴ്ഭാഗത്ത് കൂടി അരുവികളൊഴുകുന്ന സ്വർഗ്ഗത്തോപ്പുകളുള്ളത്. അവര തിൽ നിത്യ വാസികളായിരിക്കും. അല്ലാഹുവിൻെറ പക്കൽ നിന്നുള്ള സൽക്കാരം! അല്ലാഹുവിൻെറ അടുക്കലുള്ളതാ കുന്നു പുണ്യവാന്മാർക്ക് ഏറ്റവും ഉത്തമം. തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അല്ലാഹുവിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും അവർക്ക് അവതരിപ്പിക്കപ്പെട്ട തിലും അവർ വിശ്വസിക്കും. (അവർ) അല്ലാഹുവോട് താഴ്മയു ള്ളവരായിരിക്കും. അല്ലാഹുവിൻെറ വചനങ്ങൾ വിറ്റ് അവർ തുച്ഛമായ വില വാങ്ങുകയില്ല. അവർക്കാകുന്നു തങ്ങളുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുള്ളത്. തീർച്ച യായും അല്ലാഹു അതിവേഗം കണക്കു നോക്കുന്നവനാകുന്നു. സത്യവിശ്വാസികളേ നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യു ക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.[ആലു ഇംറാൻ: 190-200]. [ബുഖാരി]

2- വസ്ത്രം അണിയുമ്പോൾ

( ) -5

എൻെറ ഒരു കഴിവും ശക്തിയും കൂടാതെ എനിക്ക് ഈ വസ്ത്രം നൽകുകയും അണിയിക്കുകയും ചെയ്ത അല്ലാഹു വിനാണ് സർവ്വ സ്തുതിയും. [തുർമുദി, അബൂദാവൂദ്]

3- പുതു വസ്ത്രം ധരിക്കുമ്പോൾ

. -6

അല്ലാഹുവേ നിനക്കാണ് സർവ്വ സ്തുതിയും നീയാണ് എന്നെ ഇത് അണിയിച്ചത്. ഇതിൻേറയും ഇത് നിർമ്മിക്ക പ്പെട്ടതിൻേറയും നന്മ ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിൻേറയും ഇത് നിർമ്മിക്കപ്പെട്ടതിൻേറയും തിന്മയിൽ നിന്ന് നിന്നോട് ഞാൻ അഭയം തേടുകയും ചെയ്യുന്നു.
[അബൂദാവൂദ് തുർമിദി]

4. പുതു വസ്ത്രം ധരിച്ചവനു വേണ്ടിയുള്ള പ്രാർത്ഥന

-7

നീ അത് അണിഞ്ഞ് പഴയതാക്കുക. അല്ലാഹു നിനക്ക് പകരം നൽകട്ടെ. [അബൂദാവൂദ്]

-8

നീ പുതിയത് അണിയുക. സ്തുത്യർഹനായി ജീവിക്കുക. (സത്യത്തിൻെറ) സാക്ഷിയായി മരിക്കുകയും ചെയ്യുക. [ഇബ്നുമാജ, ബഗ്വി]

5-വസ്ത്രം അഴിക്കുമ്പോൾ

-9

(ബിസ്മില്ലാഹി) അല്ലാഹുവിൻെറ നാമത്തിൽ. [തുർമുദി]

6- വിസർജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ

. [ ] -10

(അല്ലാഹുവിൻെറ നാമത്തിൽ) അല്ലാഹുവേ, എല്ലാ വിധ മാലിന്യങ്ങളിൽ നിന്നും പിശാചുക്കളിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു. [ബുഖാരി, മുസ്ലിം] .

7- കക്കൂസിൽ നിന്ന് പുറത്തു വരുമ്പോൾ

-11

(അല്ലാഹുവേ) നിന്നോട് ഞാൻ പാപമോചനം തേടുന്നു. [അബൂദാവൂദ്, തുർമിദി]

8- വുദു ചെയ്യുന്നതിനു മുമ്പ്.

-12

അല്ലാഹുവിൻെറ നാമത്തിൽ [അഹ്മദ്, അബൂദാവൂദ്]

9- വുദുവിൽനിന്ന് വിരമിച്ചാൽ

. -13

അല്ലാഹു അല്ലാതെ ആരാധ്യനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവ നുമാണ്. നിശ്ചയം മുഹമ്മദ്(സ) അവൻെറ ദൂതനും ദാസ നുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. (മുസ്ലിം)

. -14

അല്ലാഹുവേ, ധാരാളമായി പശ്ചാത്തപിക്കുന്നവരിൽ എന്നെ നീ ആക്കേണമേ. ശുചിത്വം പാലിക്കുന്നവരിലും എന്നെ നീ ആക്കേണമേ! (തുർമുദി).

. -15

അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം ഞാൻ നിൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് പാപമോചനം ചോദിക്കുകയും നിന്നിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു. [നസാഇ].

10- വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ

.

-16

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവുമില്ല. [അബൂദാവൂദ്, തുർമുദി]

.

-17

അല്ലാഹുവേ, ഞാൻ വഴി തെറ്റുകയോ തെറ്റിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ വ്യതിചലിക്കുകയോ വ്യതിയാന ത്തിന് വിധേയമാക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ആക്രമിക്കുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും അവിവേകം ചെയ്യുകയോ അവിവേകത്തിന് വിധേയ മാകുകയോ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. [തുർമുദി, ഇബ്നുമാജ]

11-വീട്ടിൽ പ്രവേശിക്കുമ്പോൾ

.

-18

അല്ലാഹുവിൻെറ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. അല്ലാഹുവിൻെറ നാമത്തിൽ ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ നാഥനിൽ ഞങ്ങൾ ഭരമേൽപ്പിച്ചിരിക്കുന്നു. (പിന്നീട് അവൻ അവൻെറ വീട്ടുകാരക്ക് സലാം പറയട്ടെ) [അബൂദാവൂദ്]

12- പള്ളിയിലേക്ക് പോകുമ്പോൾ

-19

.

] [..]

.[ ] [

അല്ലാഹുവേ, എൻെറ ഹൃദയത്തിലും നാവിലും കാതിലും കണ്ണിലും നീ പ്രകാശം നൽകേണമേ! എൻെറ മുകളിലും താഴെയും വലതും ഇടതും ഭാഗങ്ങളിലും എൻെറ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ! എനിക്ക് പ്രകാശത്തെ മഹിതമാക്കുകയും അത് മഹത്വപ്പെടുത്തിതരികയും ചെയ്യേ ണമേ! എനിക്ക് പ്രകാശം നൽകുകയും എന്നെ പ്രകാശി തമാക്കുകയും ചെയ്യേണമേ! അല്ലാഹുവേ, എനിക്ക് പ്രകാ ശത്തെ നൽകുകയും എൻെറ ഞരമ്പുകളിലും മാംസത്തിലും രക്തത്തിലും രോമത്തിലും ആ പ്രകാശത്തെ നീ ആക്കുകയും ചെയ്യേണമേ! [ബുഖാരി, മുസ്‌ലിം]

അല്ലാഹുവേ, എൻെറ ഖബറിൽ നീ പ്രകാശം നൽകേണമേ! എൻെറ അസ്ഥികളിലും നീ പ്രകാശം തരേണമേ, [തുർമുദി] എനിക്ക് പ്രകാശത്തെ വർദ്ധിപ്പിക്കേണമേ! (ഇത് മൂന്ന് തവണ ആവർത്തിക്കുക) [അദബുൽ മുഫ്റദ്] എനിക്ക് പ്രകാശത്തിനു മേൽ പ്രകാശം നൽകേണമേ! [ഇബ്നു അബീ ആസ്വിം-ഫത്ഹുൽ ബാരി]

13- പള്ളിയിൽ പ്രവേശിക്കുമ്പോൾ

] -20

. [

മഹാനായ അല്ലാഹുവെ കൊണ്ടും ആദരണീയമായ അവൻെറ മുഖകമലം കൊണ്ടും അവൻെറ അനാദിയായ ആധിപത്യം മുഖേനയും ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ അഭയം ചോദിക്കുന്നു. [അബൂദാവൂദ്] അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ രക്ഷയും സമാധാനവും ഉണ്ടാ കട്ടെ. [അബൂദാവൂദ്] അല്ലാഹുവേ, നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ നീ എനിക്ക് തുറന്നു തരേണമേ! [മുസ്‌ലിം]

14- പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ

. -21

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ നിൻെറ ഔദാര്യത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു. അല്ലാ ഹുവേ ശപിക്കപ്പെട്ട പിശാചിൽ നിന്നും നീ എന്നെ രക്ഷിക്കേ ണമേ! [ഇബ്നുമാജ]

15- ബാങ്കിൻെറ ദിക്റുകൾ

ബാങ്ക് വിളിക്കുന്നവൻ പറയുന്നതുപോലെ കേൾക്കുന്നവനും പറയേണ്ടതാണ്. എന്നാൽ

എന്ന് അവൻ കേൾക്കുമ്പോൾ . (അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു കഴിവും ശേഷി യുമില്ല) എന്ന് പറയുക. [ബുഖാരി, മുസ്ലിം]

-22

.

കേൾക്കുന്നവൻ പറയുക:- ഏകനും പങ്കുകാരുമില്ലാത്ത അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അവൻെറ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിനെ നാഥനായും മുഹമ്മദിനെ ദൂതനായും ഇസ്ലാമിനെ മതമായും ഞാൻ തൃപ്തിപ്പെ ട്ടിരിക്കുന്നു. [മുസ്ലിം] ബാങ്ക് വിളിക്കുന്നവൻ സാക്ഷ്യ വാക്യ ങ്ങൾ പറഞ്ഞ ഉടനെയാണ് ഇത് പറയേണ്ടത്. [ഇബ്നു ഖുസൈമ].

ബാങ്കിന് പ്രത്യുത്തരം ചെയ്ത ശേഷം അവൻ നബി (സ) യുടെ മേൽ സ്വലാത്ത് ചൊല്ലേണ്ടതാണ്. [മുസ്ലിം]

അവൻ പറയണം:-

] -33

[

ഈ പരിപൂർണമായ പ്രാർത്ഥനയുടേയും ആസന്നമായ നമസ്കാരത്തിൻേറയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി (സ) ക്ക് വസ്വീല, ഫദീല എന്നീ പദവികൾ നൽകേണമേ നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ [ബുഖാരി] നിശ്ചയമായും നീ വാഗ്ദത്തം ലംഘിക്കുന്നവനല്ലല്ലോ. [ബൈഹഖി]

ബാങ്കിൻേറയും ഇഖാമത്തിൻേറയും ഇടയിൽ അവൻ തൻെറ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. കാരണം ആ സമയത്തെ പ്രാർത്ഥന തിരസ്കരിക്കപ്പെടുകയില്ല. [തുർമുദി, അബൂദാവൂദ്].

16- നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥന.

-24

.

അല്ലാഹുവേ, കിഴക്കിനും പടിഞ്ഞാറിനുമിടയിൽ നീ അകറ്റിയതുപോലെ എൻെറയും എൻെറ പാപങ്ങളുടെയും ഇടയിൽ നീ അകറ്റേണമേ! അല്ലാഹുവേ വെള്ളവസ്ത്രം അഴുക്കിൽനിന്ന് ശുദ്ധിയാക്കപ്പെടുന്നതുപോലെ എന്നെ പാപ ങ്ങളിൽ നിന്ന് നീ ശുദ്ധിയാക്കേണമേ! അല്ലാഹുവേ എന്നെ പാപങ്ങളിൽ നിന്ന് ആലിപ്പഴം കൊണ്ടും വെള്ളം കൊണ്ടും മഞ്ഞുകൊണ്ടും കഴുകേണമേ! [ബുഖാരി, മുസ്ലിം]

-25

അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിൻെറ പരിശു ദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിൻെറ നാമം അനുഗ്രഹീ തവും നിൻെറ കാര്യം ഉന്നതവുമായിരിക്കുന്നു. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല. [തുർമുദി, ഇബ്നുമാജ].

-26

ആകാശങ്ങളേയും, ഭൂമിയേയും സൃഷ്ടിച്ചവനിലേക്ക് ഋജു മനസ്കനായി ഞാൻ എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല. നിശ്ചയം എന്റെ നമസ്കാരവും ആരാധനകളും എന്റെ ജീവിതവും മരണവും ലോക രക്ഷിതാവായ അല്ലാഹുവിനാണ്. അവന് പങ്കുകാരേ ഇല്ല. അതാണ് എന്നോട് കൽപിക്കപ്പെട്ടിരി ക്കുന്നത്. ഞാൻ മുസ്ലിംകളിൽ പെട്ടവനാണ്. അല്ലാഹുവേ നീയാണ് രാജാധിപത്യമുള്ളവൻ. നീയല്ലാതെ ആരാധ്യനില്ല. നീ എന്റെ നാഥനും ഞാൻ നിന്റെ ദാസനുമാണ്. ഞാൻ എന്നോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. ഞാൻ എന്റെ പാപങ്ങൾ ഏറ്റു പറയുന്നു. അതിനാൽ എന്റെ മുഴുവൻ പാപങ്ങളും നീ പൊറുത്ത് തരേണമേ! നിശ്ചയം നീയല്ലാതെ പാപങ്ങൾ പൊറുക്കാനില്ല. ഉത്തമ സ്വഭാവ ഗുണങ്ങളിലേക്ക് നീ എന്നെ നയിക്കേണമേ, അതിലേക്ക് നയിക്കാൻ നീയല്ലാതെ ഇല്ല. എന്നിൽ നിന്ന് ചീത്ത സ്വഭാവങ്ങളെ നീ തടയേണമേ! അതിനെ എന്നിൽനിന്ന് നീ അല്ലാതെ തിരിച്ചു കളയുകയില്ല. നിന്റെ വിളിക്ക് ഞാൻ ഉത്തരം ചെയ്യുകയും നിന്നെ സന്തോഷപൂർവ്വം സേവിക്കുകയും ചെയ്യുന്നു.
നന്മ മുഴുവനും നിന്റെ കൈകളിലാണ്. തിന്മയൊന്നും നിന്നിലേക്കല്ല. ഞാൻ (ജീവിക്കുന്നത്) നിന്നെകൊണ്ടും (എന്റെ മടക്കം) നിന്നിലേക്കുമാണ്. നീ അനുഗ്രഹീതനും ഉന്നതനുമായിരിക്കുന്നു. ഞാൻ നിന്നോട് പാപമോചനം ചോദിക്കുകയും നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു. [മുസ്ലിം].

-27

ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവും ദൃശ്യവും അദൃശ്യവും അറിയുന്നവനും ജിബ്രീൽ, മീക്കായീൽ, ഇസ്റാഫീൽ എന്നിവരുടെ നാഥനുമായ അല്ലാഹുവേ, നിന്റെ ദാസന്മാർക്കിടയിൽ ഭിന്നിപ്പുള്ള കാര്യത്തിൽ വിധിക്കുന്നവൻ നീയാണ്. ഭിന്നിച്ചിട്ടുള്ളതിൽ സത്യത്തിലേക്ക് നിന്റെ അനുമതിയോടെ എന്നെ നയിക്കേണമേ! നിശ്ചയമായും നീ ഉദ്ദേശിക്കുന്നവരെ ചൊവ്വായ മാർഗ്ഗത്തിലേക്ക് നീ നയിക്കുന്നു. [മുസ്ലിം].

-28

(3)

അല്ലാഹു ഏറ്റവും വലിയവനാണ്. അല്ലാഹുവിന് അതിരറ്റ എല്ലാ സ്തുതികളും അർപ്പിക്കുന്നു. പ്രഭാതത്തിലും പ്രദോഷ ത്തിലും അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. [മൂന്ന് പ്രാവശ്യം ചൊല്ലുക] പിശാചിന്റെ ദുർബോധനത്തിൽ നിന്നും അവന്റെ ഊത്തിൽ നിന്നും ദുഷ്പ്രേരണകളിൽ നിന്നും അല്ലാഹുവിനോട് ഞാൻ കാവൽ തേടുന്നു. [മുസ്ലിം, അബൂദാവൂദ്]

-29

[ ][ ]

][ ]

][

[ ][ ] [

അല്ലാഹുവേ, സർവ്വ സ്തുതിയും നിനക്കാണ്. ആകാശങ്ങ ളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും പ്രകാശമാണ് നീ. ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരു ടേയും പരിപാലകനായ നിനക്കാണ് എല്ലാ സ്തുതിയും. ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും നാഥനുമായ നിനക്കാണ് എല്ലാ സ്തുതിയും. ആകാശങ്ങ ളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും ആധിപത്യം നിനക്കാണ്. സർവ്വ സ്തുതിയും നിനക്കാണ്. [ആകാശങ്ങ ളുടേയും ഭൂമിയുടേയും രാജാവാണ് നീ. സ്തുതി മുഴുവൻ നിനക്കാണ്.] [എല്ലാ സ്തുതിയും നിനക്കാണ്.] [നീ സത്യമാണ്. നിൻെറ വാഗ്ദാനവും സത്യമാണ്. നിൻെറ വചനവും നീയുമായുള്ള ദർശനവും സത്യമാണ്. സ്വർഗ്ഗവും നരകവും സത്യമാണ്. നബിമാർ സത്യമാണ്. മുഹമ്മദും (സ)സത്യമാണ്. അന്ത്യനാളും സത്യം തന്നെ.] [അല്ലാഹുവേ, നിനക്ക് ഞാൻ കീഴ്പെട്ടിരിക്കുന്നു. നിൻെറ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിന്നിലേക്ക് ഞാൻ ഖേദിച്ചു മടങ്ങിയിരിക്കുന്നു. നിൻെറ പേരിൽ ഞാൻ സംവദിക്കുന്നു. നിന്നിലേക്ക് ഞാൻ ആവലാതി ബോധിപ്പിക്കുന്നു. അതിനാൽ ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതുമായ തെറ്റുകൾ നീ എനിക്ക് പൊറുത്തു തരേണമേ.] മുന്തിക്കുന്നവൻ നീയാണ്. പിന്തിക്കുന്നവനും നീ തന്നെ. നീയല്ലാതെ ഒരാരാധ്യനുമില്ല. നീയാണ് എൻെറ ആരാധ്യൻ നീയല്ലാതെ ഒരാരാധ്യനുമില്ല.] [ബുഖാരി, മുസ്ലിം].

17- റുകൂഇലെ പ്രാർത്ഥന

-30

മഹാനായ എൻെറ നാഥൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. [മൂന്ന് പ്രാവശ്യം പറയുക.] [അഹ്മദ്, തുർമുദി, അബൂദാവൂദ്]

-31

ഞങ്ങളുടെ നാഥനായ അല്ലാഹുവേ, നിന്നെ സ്തുതിക്കു ന്നതോടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ എനിക്ക് പാപമോചനം നൽകേണമേ. [ബുഖാരി, മുസ്ലിം] .

-32

ജിബ്രീലിൻേറയും ഇതര മലക്കുകളുടേയും നാഥൻ ഏറെ പരിശുദ്ധൻ. [മുസ്ലിം, അബൂദാവൂദ്]

-33

അല്ലാഹുവേ, നിനക്ക് മുമ്പിൽ ഞാൻ കുനിഞ്ഞിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിനക്ക് ഞാൻ കീഴ് പെട്ടിരിക്കുന്നു. എൻെറ കണ്ണും കാതും മജ്ജയും ധമനികളും അസ്ഥിയും എൻെറ പാദങ്ങൾ വഹിക്കുന്നതുമൊക്കെ നിനക്കിതാ കീഴ്പെട്ടിരിക്കുന്നു. [മുസ്ലിം, തുർമുദി].

-34

സർവ്വ ശക്തിയും പരമാധികാരവും അത്യുന്നതിയും മഹത്വ വുമുള്ളവൻെറ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു. [അബൂദാവൂദ്, നസാഇ, അഹ്മദ്]

18- റുകൂഇൽ നിന്ന് ഉയരുമ്പോൾ

-35

അല്ലാഹുവിനെ സ്തുതിച്ചവർക്ക് അവൻ കേട്ടുത്തരം ചെയ്യട്ടെ. [ബുഖാരി,]

-36

അനുഗ്രഹീതവും വിശിഷ്ടവുമായ അതിരറ്റ സ്തുതികൾ ഞങ്ങളുടെ നാഥാ നിനക്കിതാ സമർപ്പിക്കുന്നു. [ബുഖാരി,]

-37

.

. .

ആകാശങ്ങളിലും ഭൂമിയിലും അവക്കിടയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള സ്തുതി നിനക്കാണ്. ഉന്നതിക്കും പ്രശംസക്കും അർഹനായവനേ! ഞങ്ങളെല്ലാം നിൻെറ അടിമയായിരിക്കെ ഒരു ദാസൻ പറയാൻ ഏറ്റവും അർഹമായത് ഇതാണ്. അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവ നുമില്ല. ഏത് ധനികൻെറ ഐശ്വര്യവും നിൻെറ അടുക്കൽ ഉപകരിക്കുകയില്ല. [മുസ്ലിം]

19- സുജൂദിലെ പ്രാർത്ഥന

-38

അത്യുന്നതനായ എൻെറ നാഥൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. (മൂന്നുതവണ പറയുക) [അഹ്മദ്, തുർമുദി, നസാഇ]

-39

ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോ ടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു. അല്ലാഹുവേ എനിക്ക് പൊറുത്ത് തരേണമേ! [ബുഖാരി, മുസ്ലിം]

-40

ജിബ്രീലിൻേറയും ഇതര മലക്കുകളുടേയും നാഥൻ ഏറെ പരിശുദ്ധനാണ്. [മുസ്ലിം]

-41

((

അല്ലാഹുവേ നിനക്ക് ഞാനിതാ സാഷ്ടാംഗം ചെയ്തിരിക്കുന്നു. നിന്നെ വിശ്വസിക്കുകയും നിനക്ക് കീഴ്പെടുകയും ചെയ് തിരിക്കുന്നു. സൃഷ്ടിക്കുകയും രൂപം നൽകുകയും കണ്ണും കാതും കീറുകയും ചെയ്തവന് എൻെറ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടിക്കുന്നവനിൽ ഉത്തമനായ അല്ലാഹു അനുഗ്രഹീതനായിരിക്കുന്നു. [മുസ്ലിം]

-42

പരമ ശക്തിയും പരമാധികാരവും അത്യുന്നതിയും മഹത്വ വുമുള്ളവൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. [അബൂദാ വൂദ്, നസാഇ]

-43

അല്ലാഹുവേ, ചെറുതും വലുതും ആദ്യത്തേതും അവസാന ത്തേതും പരസ്യവും രഹസ്യവുമായ എൻെറ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമേ! [മുസ്ലിം]

-44

((

അല്ലാഹുവേ, നിശ്ചയം ഞാനിതാ നിൻെറ പ്രീതി കൊണ്ട് നിൻെറ കോപത്തിൽ നിന്നും നിൻെറ വിട്ടു വീഴ്ചകൊണ്ട് നിൻെറ ശിക്ഷയിൽ നിന്നും അഭയം തേടുന്നു. നിന്നിൽ നിന്നുള്ള എല്ലാ വിഷമങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. നിൻെറ മേലുള്ള സ്തുതിയെ കണക്കാക്കാൻ എനിക്ക് കഴിയില്ല. നീ നിന്നെക്കുറിച്ച് പ്രകീർത്തിച്ചത് എങ്ങനെ യാണോ അങ്ങനെയാണ് നീ. [മുസ്ലിം]

20- രണ്ടു സുജൂദിനിടയിൽ

-45

നാഥാ എനിക്ക് പൊറുത്ത് തരണേ! (രണ്ടു തവണ പറയുക) [അബൂദാവൂദ്]

-46

അല്ലാഹുവേ, എനിക്ക് പൊറുത്ത് തരണേ! എന്നോട് കരുണ കാണിക്കണേ! എന്നെ നേർ വഴിയിലാക്കണേ! എൻെറ കാര്യങ്ങൾ പരിഹരിക്കണേ! എനിക്ക് സൗഖ്യം നൽകണേ! എനിക്ക് ഉപജീവനം തരേണമേ! എന്നെ ഉയർത്തേണമേ! [തുർമുദി, ഇബ്നുമാജ]

21- ഖുർആൻ പാരായണത്തിൻെറ സുജൂദിൽ

-47

സൃഷ്ടിക്കുകയും കണ്ണും കാതും കീറുകയും ചെയ്തത് ഏതൊരുവൻെറ ശക്തിയും ശേഷിയും കൊണ്ടാണോ അവനിതാ എൻെറ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. [സൃഷ്ടിക്കുന്നവരിൽ ഉത്തമനായ അല്ലാഹു അനുഗ്രഹീത നായിരിക്കുന്നു. [തുർമുദി, അഹ്മദ്, ഹാകിം]

-48

((

അല്ലാഹുവേ, (ഖുർആൻ) പാരായണം ചെയ്തതിന് എനിക്ക് നിൻെറ അടുത്ത് പ്രതിഫലം രേഖപ്പെടുത്തുകയും എന്നിൽ നിന്ന് പാപങ്ങൾ നീ മാപ്പാക്കുകയും ചെയ്യേണമേ! അത് നിൻെറ അടുക്കൽ ഒരു നിക്ഷേപമാക്കേണമേ! നിൻെറ ദാസനായ ദാവൂദിൽ നിന്ന് അത് സ്വീകരിച്ചപോലെ എന്നിൽ നിന്ന് നീ അതു സ്വീകരിക്കേണമേ! [തുർമുദി, ഹാകിം]

22- തശഹ്ഹുദ്

-49

.

എല്ലാ തിരുമുൽ കാഴ്ചകളും അല്ലാഹുവിനാണ്. നല്ലതും വിശിഷ്ടമായതും (അവനാണ്). നബിയേ അങ്ങേക്ക് അല്ലാഹു വിൻെറ സമാധാനവും കാരുണ്യവും അവൻെറ അനുഗ്രഹ ങ്ങളും ഉണ്ടാകട്ടെ. ഞങ്ങൾക്കും അല്ലാഹുവിൻെറ സദ്‌വൃ ത്തരായ ദാസന്മാർക്കും സമാധാനമുണ്ടാകട്ടെ. അല്ലാഹു അല്ലാ തെ മറ്റൊരാരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിൻെറ ദൂതനും ദാസനുമാ ണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. [ബുഖാരി].

23- തശഹ്ഹുദിനു ശേഷമുള്ള സ്വലാത്ത്.

-50

അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ ഗുണം ചെയ്ത പോലെ മുഹമ്മദ് നബി (സ) ക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്ന തനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും കുടുംബ ത്തേയും നീ അനുഗ്രഹിച്ചത് പോലെ മുഹമ്മദ് നബി (സ) ക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ! നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്. [ബുഖാരി]

-51

.

((.

അല്ലാഹുവേ, ഇബ്റാഹീം നബിയുടെ കുടുംബത്തിന് നീ ഗുണം ചെയ്തതുപോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ ഭാര്യ മാർക്കും സന്താനങ്ങൾക്കും ഗുണം ചെയ്യേണമേ. ഇബ്റാഹീം നബിയുടെ കുടുംബത്തിന് നീ അനുഗ്രഹം ചെയ്തതുപോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ ഭാര്യമാർക്കും സന്താന ങ്ങൾക്കും നീ അനുഗ്രഹം ചെയ്യേണമേ. തീർച്ചയായും നീ സ്തുത്യർഹനും ഉന്നതനുമാണ്. [ബുഖാരി]

24-തശഹ്ഹുദിൻേറയും സലാമിൻേറയും ഇടയിൽ പ്രാർത്ഥന

-52

അല്ലാഹുവേ, ഖബർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണ ങ്ങളിൽ നിന്നും മസീഉദ്ദജ്ജാലിൻെറ ഉപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. [ബുഖാരി, മുസ്ലിം]

.

-53

അല്ലാഹുവേ, ഖബർ ശിക്ഷയിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. മസീഉദ്ദജ്ജാലിൻെറ കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു. ജീവിതത്തിലേയും മരണ ത്തിലേയും പരീക്ഷണങ്ങളിൽ നിന്നും നിന്നിലഭയം പ്രാപി ക്കുന്നു. അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടബാധ്യതയിൽ നിന്നും നിന്നോട് അഭയം തേടുന്നു. [ബുഖാരി, മുസ്ലിം]

.

-54

അല്ലാഹുവേ ഞാൻ എൻെറ ആത്മാവിനോട് അനേകം അക്രമങ്ങൾ ചെയ്ത് പോയിട്ടുണ്ട്. പാപങ്ങൾ പൊറുക്കാൻ നീയല്ലാതെയില്ല. അതിനാൽ നിൻെറ അടുത്ത് നിന്നുള്ള പാപ മോചനം എനിക്ക് ചെയ്ത് തരികയും എന്നോട് കരുണ കാ ണിക്കുകയും ചെയ്യേണമേ! നിശ്ചയം നീ കൂടുതൽ പൊറു ക്കുന്നവനും കാരുണ്യവാനുമാണല്ലോ. [ബുഖാരി, മുസ്ലിം]

.

-55

അല്ലാഹുവേ, ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്ത തും രഹസ്യമായും പരസ്യമായും അമിതമായും ചെയ്ത് പോ യതും എന്നേക്കാൾ കൂടുതൽ നിനക്ക് അറിയാവുന്നതുമായ എൻെറ എല്ലാ പാപങ്ങളും നീ എനിക്ക് പൊറുത്ത് തരേണമേ! നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീയല്ലാതെ ഒരാരാധ്യനുമില്ല. [മുസ്ലിം]

-56

അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് നന്ദി കാണി ക്കാനും നിനക്ക് നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യാനും എന്നെ നീ സഹായിക്കേണമേ! [അബൂദാവൂദ്, നസാഇ]

-57

അല്ലാഹുവേ, ലുബ്ധിൽനിന്നും ഭീരുത്വത്തിൽ നിന്നും വാർദ്ധ ക്യത്തിൻെറ നിസ്സഹായതയിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. ഭൗതികതയുടെ പരീക്ഷ ണത്തിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു. [ബുഖാരി]

-58

അല്ലാഹുവേ, നിന്നോട് ഞാൻ സ്വർഗ്ഗം ചോദിക്കുന്നു. നരക ത്തിൽ നിന്ന് ഞാൻ നിന്നിലഭയം തേടുകയും ചെയ്യുന്നു. [അബൂദാവൂദ്] .

-59

അല്ലാഹുവേ, നിൻെറ അദൃശ്യ ജ്ഞാനവും സൃഷ്ടികളുടെ മേലുള്ള നിൻെറ കഴിവും കൊണ്ട് ജീവിതം മാത്രമാണെനി ക്ക് ഉത്തമമെന്ന് നീ അറിയുന്നേടത്തോളം എന്നെ ജീവിപ്പി ക്കേണമേ! മരണമാണെനിക്ക് ഉത്തമമെങ്കിൽ എന്നെ മരിപ്പി ക്കുകയും ചെയ്യേണമേ! അല്ലാഹുവേ, (ജനങ്ങളുടെ) സാന്നി ദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും നിന്നോടുള്ള ഭക്തി ഞാൻ ചോദിക്കുന്നു

സന്തോഷാവസ്ഥയിലും കോപാവസ്ഥ യിലും സത്യം പറയാനുള്ള കരുത്ത് നിന്നോട് ഞാൻ ചോദി ക്കുന്നു. ദാരിദ്ര്യത്തിലും സമ്പന്നതയിലും മിതത്വത്തെ നിന്നോട് ഞാൻ ചോദിക്കുന്നു. തീർന്നു പോകാത്ത അനുഗ്ര ഹവും മുറിഞ്ഞുപോകാത്ത ആനന്ദവും നിന്നോട് ഞാൻ ചോദിക്കുന്നു. വിധിക്കുശേഷം അതിൽ തൃപ്തിയും മരണാ നന്തരം ജീവിതസൗഖ്യവും നിന്നോട് ചോദിക്കുന്നു. ഉപദ്രവ കരമായ പ്രയാസങ്ങളിലോ വഴിതെറ്റിക്കുന്ന കുഴപ്പത്തിലോ അകപ്പെടാതെ നിന്നെ കാണാനുള്ള അഭിവാഞ്ചയും നിൻെറ മുഖ ദർശന സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, ഈമാനിൻെറ സൗന്ദര്യം കൊണ്ട് ഞങ്ങളെ അലങ്കരിക്കുകയും സൽപാത പ്രാപിച്ച മാർഗ്ഗദർശികളാ ക്കുകയും ചെയ്യേണമേ! [നസാഇ, അഹ്മദ്]

-60

അല്ലാഹുവേ, ജനിച്ചവനോ ജനിപ്പിക്കപ്പെട്ടവനോ അല്ലാത്ത തുല്ല്യരായി ആരുമില്ലാത്ത സർവ്വർക്കും ആശ്രയവും ഏകനു മായ അല്ലാഹുവേ, എൻെറ പാപങ്ങൾ പൊറുത്തു തരാൻ നിന്നോട് ഞാൻ യാചിക്കുന്നു. നിശ്ചയം നീ ഏറെ പൊറു ക്കുന്നവനും കാരുണ്യവാനുമാണല്ലോ. [നസാഇ, അഹ്മദ്]

-61

അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതിയും. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്. ഗുണം ചെയ്യുന്നവനും നീയാണ്. ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ, ഉന്നതിയും മഹത്വവും ഉടയവനേ, ജീവിച്ചിരി ക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ നിന്നോട് ഞാൻ സ്വർഗ്ഗം ചോദിക്കുകയും നരകത്തിൽ നിന്ന് നിന്നിലഭയം തേടുകയും ചെയ്യുന്നു. [ഇബ്നുമാജ, നസാഇ]

-62

അല്ലാഹുവേ, ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യാത്തവനും തുല്യമായി ആരുമില്ലാത്തവനും എല്ലാവർക്കും ആശ്രയവും ഏകനുമായ നീ അല്ലാതെ മറ്റൊരാരാധ്യനില്ലെന്നും നീ അല്ലാ ഹുവാണെന്നും ഞാൻ സാക്ഷ്യം വഹിച്ചുകൊണ്ട് ഞാനിതാ ചോദിക്കുന്നു. [അബൂദാവൂദ്, തുർമുദി, ഇബ്നുമാജ]

25- നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷം

-63

അല്ലാഹുവോട് ഞാൻ പാപമോചനം തേടുന്നു. (മൂന്ന്തവണ പറയുക). അല്ലാഹുവേ, നീയാണ് സമാധാനം, നിന്നിൽ നിന്നാണ് സമാധാനം. ഉന്നതിയും മഹത്വവുമുള്ളവനേ നീ അനുഗ്രഹീതനായിരിക്കുന്നു. [മുസ്ലിം]

-64

അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കു കാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ള വനാണ്. അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവനുമില്ല. നിൻെറ അടുക്കൽ ധനം ഉപകരിക്കുകയില്ല. [ബുഖാരി, മുസ്ലിം]

-65

അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരി ല്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവ നാണ്. അല്ലാഹുവെകൊണ്ടല്ലാതെ ഒരു കഴിവും ശേഷിയും ഇല്ല. അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല.

അവനെയല്ലാ തെ ഞങ്ങൾ ആരാധിക്കുന്നുമില്ല. അനുഗ്രഹവും ഔദാര്യവും അവൻേറതാണ്. ഉത്തമമായ സ്തുതികൾ അവനുണ്ട്. അല്ലാഹുവല്ലാതെ ആരാധ്യനില്ല. വണക്കം അവന് നിഷ്ക ളങ്കമാക്കുന്നവരിലാണ് ഞാൻ. സത്യ നിഷേധികൾ വെറുപ്പ് പ്രകടിപ്പിച്ചാലും. [മുസ്ലിം]

(33) -66

അല്ലാഹുവിനെ ഞാൻ പരിശുദ്ധനാക്കുന്നു. അല്ലാഹുവി നാണ് എല്ലാ സ്തുതിയും. അല്ലാഹു ഏറ്റവും വലിയവനാണ്. [ഇവ ഓരോന്നും 33 പ്രാവശ്യം ചൊല്ലുക] അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് രാജാധിപത്യം. അവനാണ് സർവ്വ സ്തുതിയും. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. [മുസ്ലിം]

[.. ....]-67

(നബിയേ) പറയുക, കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവ നാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടേയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ല.

[... ... .]

പറയുക. പുലരിയുടെ രക്ഷിതാവിനോട് ഞാൻ അഭയം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും അസൂയാലു അസൂയപ്പെടുമ്പോൾ അവൻെറ കെടുതിയിൽ നിന്നും.

[.. .. .. ..]

പറയുക. മനുഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ദൈവവുമായവനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിൻമാറി ക്കളയുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധക രെ കൊണ്ടുള്ള തിന്മയിൽ നിന്ന്. [ഇവ മൂന്നും നമസ്കാര ശേഷം ഓതുക] [അബൂദാവൂദ്, തുർമുദി, നസാഇ]

-68

അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവൻ. (അവൻ) എല്ലാം നിയന്ത്രിക്കുന്നവൻ. ഉറക്കമോ മയക്കമോ അവനെ ബാധിക്കുകയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുവാ ദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ നടത്താ നാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്നും അവൻ ഉദ്ദേശിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ അധികാര പീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. [എല്ലാ നമസ്കാരത്തിൻേറയും പിറകെ ഇത് ചൊല്ലുക] [നസാഇ]

-69

അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരി ല്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അവനാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. (ഇത് മഗ്രിബ്, സുബ്ഹി എന്നീ നമസ്കാരങ്ങൾക്കു ശേഷം പത്ത് തവണ ചൊല്ലുക.) [നസാഇ]

-70

അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമ്മങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു. (ഇത് സുബ്ഹി നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷം ചൊല്ലുക) [ഇബ്നുമാജ]

26- ഉത്തമമായതേതാണെന്ന് വെളിപ്പെടാൻ വേണ്ടിയുള്ള നമസ്കാരം

ജാബിർ (റ) പറയുന്നു: തിരുദൂതർ (സ) ഖുർആനിലെ സൂറത്ത് പഠിപ്പിക്കുന്ന പോലെ സർവ്വ കാര്യങ്ങളിലും ഇസ്തിഖാറത്ത് ചെയ്യേണ്ടത് ഞങ്ങളെ പഠിപ്പിച്ചിരുന്നു. നബി (സ) പറഞ്ഞു: ഒരു കാര്യം ചെയ്യുന്നതിനെക്കുറിച്ച് തീരുമാനത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ രണ്ടു റകഅത്ത് നമസ്കരിക്കുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്താൽ ഉത്തമമായ മാർഗ്ഗം പടച്ചവൻ കാണിച്ചു തരും

-71

- -

.

-

അല്ലാഹുവേ, നിൻെറ അറിവിൻെറ അടിസ്ഥാനത്തിൽ നിന്നോട് ഉത്തമമേതെന്ന് ഞാൻ ചോദിക്കുന്നു. നിൻെറ കഴിവിൻെറ അടിസ്ഥാനത്തിൽ നിന്നോട് ഞാൻ കഴിവിനെ ചോദിക്കുന്നു. നിൻെറ മഹത്തായ ഔദാര്യത്തിൽ നിന്ന് ഞാൻ ചോദിക്കുകയും ചെയ്യുന്നു. കാരണം നീ കഴിവുള്ള വനും ഞാൻ കഴിവില്ലാത്തവനുമാണ്. നീയെല്ലാം അറിയു ന്നു. ഞാൻ അറിയുന്നുമില്ല. നീയാകട്ടെ എല്ലാ പരമ രഹ സ്യങ്ങളും നല്ലപോലെ അറിയുന്നവനുമാണ്. അല്ലാഹുവേ, ഈ കാര്യം - ഇവിടെ കാര്യമെന്തെന്ന് പറയുക - എനിക്ക് എൻെറ മതത്തിലും ഐഹിക കാര്യത്തിലും എൻെറ കാര്യത്തിൻെറ പര്യവസാനത്തിലും -അഥവാ എൻെറ വർത്തമാനത്തിലും ഭാവിയിലും- ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും എനിക്കത് എളുപ്പമാക്കിത്തരികയും പിന്നീട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ! ഈ കാര്യം എൻെറ മതത്തിലും ഐഹിക കാര്യത്തിലും എൻെറ കാര്യത്തിൻെറ പര്യവസാനത്തിലും ദോഷകരമാണെന്ന് നീ അറിയുന്നുവെ ങ്കിൽ എന്നെ അതിൽ നിന്നും അതിനെ എന്നിൽ നിന്നും തിരിച്ചു കളയേണമേ! നന്മ എവിടെയാണോ അതെനിക്ക് വിധിക്കു കയും എന്നിട്ട് അതിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ! [ബുഖാരി]

27-രാവിലേയും വൈകുന്നേരവുമുള്ള ദിക്റുകൾ.

-72

ആയതുൽ കുർസിയ്യ് ഓതുക (നമ്പർ 71 നോക്കുക) [ഹാകിം, ത്വബറാനി]

.. ..] [... ... .] [.. ....]-73

[

നമ്പർ 70 നോക്കുക [മൂന്ന് തവണ വീതം ഓതുക] [അബൂദാവൂദ്, തുർമുദി]

. -74

.

ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തി ൻെറ ആധിപത്യം അല്ലാഹുവിനാകുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധികാരവും സർവ്വ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവു ള്ളവനാണ്. നാഥാ ഈ പകലിലേയും അതിനു ശേഷമുള്ള തിലേയും നന്മകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ പകലിലേയും അതിനു ശേഷമുള്ളതിലേയും തിന്മകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നാഥാ, അലസതയിൽ നിന്നും വാർദ്ധക്യത്തിൻെറ വിഷമത്തിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. നാഥാ,

നരകത്തിലേയും ഖബ്റി ലേയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. [മുസ്ലിം]

-75

അല്ലാഹുവേ, നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തി ലായിരിക്കുന്നു. നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ വൈകു ന്നേരത്തിലുമായിരിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്ന തും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും.[തുർമുദി].
വൈകുന്നേരമായാൽ ഇങ്ങനെ പ്രാർത്ഥിക്കുക.

( )

-76

.

അല്ലാഹുവേ, നീയാണ് എൻെറ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിൻെറ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പ ടിയും പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തു തന്ന അനു ഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല. [ബുഖാരി].

-77

അല്ലാഹുവേ, ഞാൻ പ്രഭാതത്തിലായിരിക്കുന്നു. നിന്നെ ഞാനി താ സാക്ഷിയാക്കുന്നു. നിൻെറ അർശിൻെറ വാഹകരേയും മലക്കുകളേയും നിൻെറ മുഴുവൻ സൃഷ്ടികളേയും ഞാൻ സാക്ഷിയാക്കുന്നു. നിശ്ചയം നീ അല്ലാഹുവാണ്. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്. തീർച്ച യായും മുഹമ്മദ് (സ) നിൻെറ ദാസനും ദൂതനുമാണ്.

[ഇത് നാല് തവണ ചൊല്ലേണ്ടതാണ്] വൈകുന്നേരമായാൽ . എന്നതിനു പകരം

എന്നാണ് പറയേണ്ടത്. [അബൂദാവൂദ്, നസാഇ]

-78

അല്ലാഹുവേ, എനിക്കോ നിൻെറ സൃഷ്ടികളിലാർക്കെങ്കിലു മോ ലഭിച്ചിട്ടുള്ള ഏതൊരനുഗ്രഹവും നിന്നിൽ നിന്ന് മാത്ര മാണ്. നിനക്ക് പങ്കുകാരില്ല. സർവ്വ സ്തുതിയും നിനക്കാണ്. നന്ദിയും നിനക്ക് തന്നെ. [അബൂദാവൂദ്, നസാഇ]

-79

.

അല്ലാഹുവേ, എൻെറ ശരീരത്തിന് നീ സൗഖ്യം നൽകേണമേ. അല്ലാഹുവേ, എൻെറ കേൾവിക്ക് നീ സൗഖ്യം നൽകേ ണമേ! അല്ലാഹുവേ, എൻെറ കാഴ്ചക്ക് നീ സൗഖ്യം നൽ കേണമേ! നീ അല്ലാതെ ആരാധ്യനില്ല. അല്ലാഹുവേ, അവിശ്വാസത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. നീ അല്ലാതെ ഒരാരാധ്യനുമില്ല. [മൂന്നുതവണ ചൊല്ലുക] [അബൂദാവൂദ്, അഹ്മദ്]

-80

എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധ്യനില്ല. അവനിൽ ഞാൻ ഭരമേൽപ്പിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തി ൻെറ നാഥനാണ്. [ഏഴു പ്രാവശ്യം ചൊല്ലുക][അബൂദാവൂദ്]

. -81

.

അല്ലാഹുവേ, മാപ്പും ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എൻെറ മത കാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധനത്തി ലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എൻെറ രഹസ്യങ്ങൾ നീ മറച്ചുവെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ! അല്ലാഹുവേ, എൻെറ മുന്നിലൂടെയും പിന്നിലൂ ടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂ ടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിൻെറ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു. [അബൂദാവൂദ്, ഇബ്നുമാജ]

-82

.

ദൃശ്യവും അദൃശ്യവും അറിയുന്നവനും ഭൂമിയും ആകാശങ്ങ ളും സൃഷ്ടിച്ചവനും സർവ്വ വസ്തുക്കളുടേയും നാഥനും ഉടമ യുമായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യ നില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സ്വ ശരീരത്തോടോ മറ്റൊരു മുസ്‌ലിമിനോടോ തിന്മ ചെയ്യുന്നതിൽ നിന്നും പിശാചിൻേറയും അവൻെറ കൂട്ടുകാരുടേയും തിന്മയിൽ നിന്നും സ്വശരീരത്തിൻെറ തിന്മയിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. [തുർമുദി, അബൂദാവൂദ്]

-83

അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്ന വനും അറിയുന്നവനുമാണ്. [ഇത് മൂന്ന്തവണ ചൊല്ലുക] [ഇബ്നുമാജ, അഹ്മദ് തുർമുദി]

-84

അല്ലാഹുവിനെ രക്ഷകനായും ഇസ്‌ലാമിനെ മതമായും മുഹമ്മദി(സ)നെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. [മൂന്ന്തവണ ചൊല്ലുക] [അഹ്മദ്, നസാഈ].

-85

എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്ന വനുമായവനേ നിൻെറ കാരുണ്യം കൊണ്ട് എന്നെ സഹായി ക്കേണമേ! എൻെറ എല്ലാ കാര്യങ്ങളും നന്നാക്കിത്തീർക്കു കയും ചെയ്യേണമേ! ഇമ വെട്ടുന്ന സമയത്തേക്കു പോലും എന്നെ സ്വന്തത്തിലേക്ക് തന്നെ ഏൽപ്പിക്കരുതേ! [ഹാകിം]

:

-86

.

ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. ആധിപത്യം ലോകരക്ഷി താവായ അല്ലാഹുവിനായിരിക്കുന്നു. ഈ ദിവസത്തിലെ വിജയം, സഹായം, പ്രകാശം, അനുഗ്രഹം സന്മാർഗ്ഗം തുടങ്ങി യ ഇന്നിൻെറ നന്മകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ ദിവസത്തിലുള്ളതിൻേറയും ശേഷമുള്ളതിൻേറയും എല്ലാ തിന്മകളിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. [അബൂദാവൂദ്]

-87

.

ഇസ്‌ലാമിൻെറ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ പ്രവാചകൻെറ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രഭാതത്തി ലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പെട്ടവ നുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല. [അഹ്മദ്]

-88

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശു ദ്ധിയെ വാഴ്ത്തുന്നു. (നൂറു പ്രാവശ്യം ചൊല്ലുക) [മുസ്ലിം]

-89

പത്ത് തവണ ചൊല്ലുക [നസാഇ]

-90

രാവിലെ നൂറ് തവണ ചൊല്ലുക [ബുഖാരി, മുസ്ലിം]
92.93 ന് നമ്പർ 72 നോക്കുക.

-91

അല്ലാഹു പരിശുദ്ധൻ. അവനാണ് സ്തുതി. അവൻെറ സൃഷ്ടി കളുടെ എണ്ണത്തോളം, അവൻെറ മനസ്സിൻെറ തൃപ്തി യോളം, അവൻെറ സിംഹാസനത്തിൻെറ ഭാരത്തോളം, അവൻെറ വചനങ്ങളുടെ അളവോളം. (ഇത് മൂന്ന് തവണ പ്രഭാതത്തിൽ ചൊല്ലുക) [മുസ്ലിം]

-92

അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകാര്യമായ കർമ്മങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു. [പ്രഭാതത്തിൽ ചൊല്ലുക]. [ഇബ്നുമാജ]

-93

അല്ലാഹുവേ, നിന്നോട് ഞാൻ പാപമോചനം തേടുകയും നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു. [ഒരു ദിവസത്തിൽ നൂറു പ്രാവശ്യം ചൊല്ലുക] [ബുഖാരി, മുസ്ലിം].

-94

അല്ലാഹുവിൻെറ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്ന് ഞാൻ അഭയം തേടുന്നു [വൈകുന്നേരം മൂന്ന് തവണ ചൊല്ലുക] [അഹ്മദ്, തുർമുദി]

-95

അല്ലാഹുവേ, ഞങ്ങളുടെ പ്രവാചകനായ മുഹമ്മദി(സ)ന് രക്ഷയും സമാധാനവും നൽകേണമേ! [പത്ത് തവണ ചൊല്ലുക] [ത്വബ്റാനി].

28 - ഉറങ്ങാൻ കിടക്കുമ്പോൾ

എന്നീ സൂറത്തുകൾ ഓതി (ഇരു -96

കൈകളിലും ഊതി) തലയും മുഖവും ശരീരത്തിൻെറ ഭാഗങ്ങളുമൊക്കെ തടവുക. ഇത് മൂന്ന് പ്രാവശ്യം ചെയ്യുക. [ബുഖാരി, മുസ്ലിം] നമ്പർ 76 നോക്കുക.

-97

ആയത്തുൽ കുർസിയ്യ് ഓതുക (നമ്പർ 75 നോക്കുക) [ബുഖാരി]

-98

.

.

തൻെറ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ട തിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യ വിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവൻെറ മലക്കു കളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാ രിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കു മിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപ്പിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറു ക്കേണമേ! നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം.
അല്ലാഹു ഒരാളോടും അവൻെറ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തി ച്ചതിൻെറ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ

പ്രവർത്തിച്ചതിൻെറ ദുഷ്ഫലവും അവരവർക്കുതന്നെ. ഞങ്ങ ളുടെ നാഥാ! ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്കു തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്ക രുതേ! ഞങ്ങളുടെ നാഥാ ഞങ്ങളുടെ മുൻഗാമികളുടെ മേൽ ചുമത്തിയത് പോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്ത രുതേ! ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ! ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേ ണമേ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അത്കൊണ്ട് സത്യ നിഷേധികളായ ജനതക്കെതിരായി ഞങ്ങളെ നീ സഹായിക്കേണമേ! [ബുഖാരി, മുസ്‌ലിം]

-99

എൻെറ രക്ഷിതാവേ, നിൻെറ നാമത്തിൽ എൻെറ പാർശ്വം ഞാൻ വെക്കുന്നു. അതിനെ ഞാൻ ഉയർത്തുന്നതും നിൻെറ സഹായം കൊണ്ടാണ്. എൻെറ ആത്മാവിനെ നീ പിടിക്കുകയാണെങ്കിൽ അതിനോട് നീ കരുണ കാണി ക്കേണമേ! അതിനെ നീ വിട്ടു തരികയാണെങ്കിൽ നിൻെറ സദ്‌വൃത്തരായ ദാസന്മാരെ സംരക്ഷിക്കുന്നത്കൊണ്ട് അതി നേയും നീ സംരക്ഷിക്കേണമേ! [ബുഖാരി, മുസ്‌ലിം]

-100

അല്ലാഹുവേ, എൻെറ ജീവനെ നീയാണ് സൃഷ്ടിച്ചത്. അതിനെ മരിപ്പിക്കുന്നവനും നീയാണ്.അതിൻെറ ജീവിതവും മരണവും നിനക്കുള്ളതാണ്. അതിനെ ജീവിപ്പിക്കുക യാണെങ്കിൽ നീ അതിനെ സംരക്ഷിക്കേണമേ! നീ അതിനെ മരിപ്പിക്കുകയാണെങ്കിൽ അതിന് പാപമോചനം നൽകേണമേ! അല്ലാഹുവേ നിശ്ചയം ഞാനിതാ നിന്നോട് സൗഖ്യ ത്തിനായി ചോദിക്കുന്നു. [മുസ്‌ലിം, അഹ്മദ്]

-101

അല്ലാഹുവേ, നിൻെറ ദാസന്മാരെ പുനർജീവിപ്പിക്കുന്ന ദിന ത്തിൽ നിൻെറ ശിക്ഷയിൽ നിന്ന് എന്നെ കാത്ത് രക്ഷിക്കേണമേ! [ഇത് മൂന്ന് പ്രാവശ്യം ചൊല്ലുക] [അബൂദാവൂദ്, തുർമുദി]

-102

അല്ലാഹുവേ, നിൻെറ നാമത്തിൽ ഞാൻ മരിക്കുകയും ജീവി ക്കുകയും ചെയ്യുന്നു. [ബുഖാരി, മുസ്‌ലിം]

ð ~kDlgj, akc[hj; ò é34 finê é33 finê é33 finê -103

-104

ഏഴാകാശങ്ങളുടേയും രക്ഷിതാവും മഹത്തായ അർശിൻെറ നാഥനും ഞങ്ങളുടേയും മുഴുവൻ വസ്തുക്കളുടേയും രക്ഷകനും ധാന്യവും വിത്തും പിളർത്തുന്നവനും തൗറാത്തും ഇഞ്ചീലും ഖുർആനും അവതരിപ്പിച്ചവനുമായ അല്ലാഹുവേ, എല്ലാ വസ്തുക്കളുടേയും തിന്മകളിൽ നിന്ന് ഞാൻ നിന്നില ഭയം തേടുന്നു. നീയാണ് അതിൻെറ മൂർദ്ദാവ് പിടിച്ചിരിക്കു ന്നത്. അല്ലാഹുവേ നീ അനാദ്യനാണ്. നിൻെറ മുമ്പ് ഒന്നു മില്ല. അന്ത്യനും നീ തന്നെ. നിനക്ക് ശേഷം ഒന്നുമില്ല. നീ പ്രത്യക്ഷനാണ്. നിൻെറ മുകളിലായി ഒന്നുമില്ല. നീ പരോക്ഷ നുമാണ്. നിന്നെകൂടാതെ ഒരു വസ്തുവുമില്ല. ഞങ്ങളുടെ കടം വീട്ടുകയും ദാരിദ്ര്യത്തിൽ നിന്ന് ഐശ്വര്യം നൽകുകയും ചെയ്യേണമേ! [മുസ്‌ലിം]

-105

ഞങ്ങളെ ഭക്ഷിപ്പിക്കുകയും ഞങ്ങളെ കുടിപ്പിക്കുകയും ഞങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ഞങ്ങൾക്ക് അഭയം നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ

സ്തുതിയും. അഭയം നൽകുവാനോ ആവശ്യം നിർവ്വഹിക്കുവാനോ ആരുമില്ലാത്തവർ എത്ര! [മുസ്ലിം]

-106

നമ്പർ 85 നോക്കുക.

-107

അലിഫ് ലാമീം സജദയും സൂറത്തുൽ മുൽകും ഓതുക [തുർമുദി, നസാഇ]

-108

അല്ലാഹുവേ എന്നെ ഞാൻ നിന്നിലേൽപ്പിക്കുകയും എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും എന്റെ കാര്യങ്ങൾ നിന്നിലർ പ്പിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ചേർക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ കാംക്ഷിച്ചു കൊണ്ടും നിന്റെ ശിക്ഷയെ ഭയന്നുകൊണ്ടുമാണ് (അങ്ങനെ ചെയ്തത്) നിന്നിലേക്ക് മടങ്ങുകയല്ലാതെ നിന്റെ ശിക്ഷയിൽ നിന്ന് അഭയമോ രക്ഷയോ ഇല്ല. നീ അവതരിപ്പിച്ച വേദ ത്തിലും നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. [ബുഖാരി, മുസ്ലിം]

29- തിരിഞ്ഞു കിടക്കുമ്പോൾ

-109

ആകാശങ്ങളുടേയും ഭൂമിയുടേയും അവക്കിടയിലുള്ളവയുടേ യും നാഥനും അടക്കി വാഴുന്നവനും പ്രതാപവാനും കൂടുതൽ പൊറുക്കുന്നവനും ഏകനുമായ അല്ലാഹു അല്ലാതെ മറ്റൊ രാരാധ്യനുമില്ല. [ഹാകിം, നസാഇ]

30- ഉറക്കിൽ ഭയപ്പെട്ടാൽ

-110

അല്ലാഹുവിന്റെ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും അവന്റെ അടിമകളുടെ തിന്മയിൽ നിന്നും പിശാചിന്റെ ദുർ ബോധനങ്ങളിൽ നിന്നും പിശാചുക്കൾ ഹാജറാകുന്നതിൽ നിന്നും അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു. [അബൂദാവൂദ്, തുർമുദി]

31- ദുസ്വപ്നങ്ങൾ കണ്ടാൽ

-111

മൂന്നു തവണ ഇടത് ഭാഗത്ത് ഊതുക. പിശാചിൽ നിന്നും അവൻ കണ്ടതിന്റെ തിന്മയിൽ നിന്നും അല്ലാഹുവിനോട് കാവൽ ചോദിക്കുക. (മൂന്ന് തവണ), അത് ആരോടും പറയാതിരിക്കുക. [മുസ്ലിം]
അവൻ കിടന്ന ഭാഗത്ത് നിന്ന് തെറ്റിക്കിടക്കുക [മുസ്ലിം]

-112

ഉദ്ദേശിക്കുന്നെങ്കിൽ എഴുന്നേറ്റ് നമസ്കരിക്കുക.[മുസ്ലിം]

33- വിത്റിലെ ഖുനൂത്

-113

[ ]

അല്ലാഹുവേ, നീ സന്മാർഗ്ഗത്തിലാക്കിയവരോടൊപ്പം എന്നേയും സന്മാർഗ്ഗത്തിലാക്കേണമേ. നീ സുഖം നൽകിയവരോടൊപ്പം എനിക്കും സുഖം നൽകേണമേ. നീ സംരക്ഷണം ഏറ്റെടുത്തവ രോടൊപ്പം എന്നെയും പരിരക്ഷിക്കേണമേ. നീ നൽകിയതിൽ എനിക്ക് അനുഗ്രഹം ചെയ്യേണമേ. നീ വിധിച്ചതിന്റെ നാശത്തിൽ നിന്ന് എന്നെ കാക്കേണമേ. നീ വിധിക്കുന്നു. നിന ക്കെതിരെ

വിധിക്കുകയില്ല. നീ ആദരിച്ചവർ നിന്ദ്യരാവുകയില്ല. [നീ കോപിക്കുന്നവർ പ്രതാപിയാകുകയില്ല] ഞങ്ങളുടെ നാഥാ നീ അനുഗ്രഹീതനും ഉന്നതനുമായിരിക്കുന്നു. [തുർമുദി, ഇബ്നുമാജ, ബൈഹഖി, അഹ്മദ്]

-114

((

47-ാം നമ്പർ നോക്കുക [തുർമുദി, ഇബ്നുമാജ]

-115

.

.

അല്ലാഹുവേ, നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിനക്കു മാത്രമായി ഞങ്ങൾ നമസ്കരിക്കുകയും നമിക്കുകയും ചെയ്യു ന്നു. നിന്നിലേക്കായി ഞങ്ങൾ പരിശ്രമിക്കുകയും സേവനമർ പ്പിക്കുകയും ചെയ്യുന്നു. നിൻെറ കാരുണ്യം ഞങ്ങൾ ആഗ്രഹി ക്കുകയും നിൻെറ ശിക്ഷയെ ഞങ്ങൾ ഭയപ്പെടുകയും ചെയ്യു ന്നു. നിശ്ചയം നിൻെറ ശിക്ഷ സത്യ നിഷേധികളെ ബാധിക്കു ന്നതാണ്. അല്ലാഹുവേ, നിന്നോട് ഞങ്ങൾ സഹായം തേടുന്നു. നിന്നോട് ഞങ്ങൾ പാപമോചനം തേടുന്നു. നിൻെറ മേൽ ഞങ്ങൾ നന്മയുടെ അഭിവാദ്യങ്ങളർപ്പിക്കുന്നു. ഞങ്ങൾ നിന്നെ നിഷേധിക്കുകയില്ല. നിന്നിൽ ഞങ്ങൾ വിശ്വസിക്കുന്നു. നിന ക്ക് കീഴ്പ്പെടുകയും ചെയ്യുന്നു. നിന്നെ നിഷേധിക്കുന്നവരെ ഞങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു. [ബൈഹഖി]

33- വിത്റിൽ നിന്ന് സലാം വീട്ടിയാൽ

[ ] -116

പരമപരിശുദ്ധനായ രാജാധിപതിയുടെ (അല്ലാഹു) വിശുദ്ധിയെ വാഴ്ത്തുന്നു. [മൂന്ന് തവണ ചൊല്ലുക. മൂന്നാമത്തെ തവണ യിൽ ശബ്ദമുയർത്തി ചൊല്ലുകയും (ജിബ്രീലിൻേറയും മലക്കുകളുടേയും നാഥനുമായ) എന്ന് കൂടി പറയുകയും ചെയ്യുക]. [നസാഇ, ദാറഖുത്നി]

34- ദു:ഖാകുലനാകുമ്പോൾ

-117

അല്ലാഹുവേ, ഞാൻ നിൻെറ ദാസനും നിൻെറ ദാസൻെറ പുത്രനും നിൻെറ ദാസിയുടെ മകനുമാണ്. എൻെറ മൂർദ്ധാവ് നിൻെറ കയ്യിലാണ്. നിൻെറ തീരുമാനം എന്നിൽ നടപ്പിലാകുന്നു. നിൻെറ വിധി എന്നിൽ നീതിയായിത്തീരുന്നു. നീ നിനക്ക് നിശ്ചയിച്ചതും നിൻെറ വേദത്തിൽ അവതരി പ്പിച്ചതും നിൻെറ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും നിൻെറ പക്കലുള്ള അദൃശ്യ ജ്ഞാനത്തിൽ നീ സ്വന്തമാക്കി വെച്ചതുമായ നിനക്കുള്ള മുഴുവൻ പേരുകളുടേ യും പേരിൽ, ഖുർആൻ എൻെറ ഹൃദയത്തിന് വസന്തവും എൻെറ നെഞ്ചിന് പ്രകാശവും എൻെറ ദു:ഖത്തിന് പരിഹാ രവും എൻെറ വിഷാദത്തെ നീക്കുന്നതുമാക്കിത്തീർക്കേണമേ യെന്ന് ഞാൻ നിന്നേട് പ്രാർത്ഥിക്കുന്നു.! [അഹ്മദ്]

-118

അല്ലാഹുവേ, ദു:ഖം, വിഷാദം, ദുർബലത, അലസത, പിശുക്ക്, ഭീരുത്വം, കടത്തിൻെറ ഭാരം, ആളുകൾക്ക് വിധേയമാകൽ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നിലഭയം തേടുന്നു. [ബുഖാരി]

35-പ്രയാസം ഉണ്ടാവുമ്പോൾ

-119

സഹന ശീലനും മഹാനുമായ അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനുമില്ല. മഹാനും സിംഹാസനത്തിൻെറ നാഥനുമായ അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും സിംഹാസനത്തിൻേറയും രക്ഷിതാവും അത്യുദാരനുമായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല. [ബുഖാരി, മുസ്‌ലിം]

-120

അല്ലാഹുവേ, നിൻെറ കാരുണ്യത്തെ ഞാൻ കാംക്ഷിക്കുന്നു. കണ്ണിമ വെട്ടുന്ന നിമിഷം പോലും എന്നെ സ്വന്തത്തിലേക്ക് ഏൽപ്പിക്കരുതേ. എൻെറ കാര്യങ്ങൾ മുഴുവൻ എനിക്ക് നീ നന്നാക്കി തരണേ!. നീ അല്ലാതെ മറ്റൊരാരാധ്യനില്ല. [അബൂദാവൂദ്, അഹ്മദ്]

-121

നീ അല്ലാതെ ആരാധ്യനില്ല. നീ പരിശുദ്ധൻ. നിശ്ചയം ഞാൻ അക്രമികളിൽ പെട്ടുപോയിരിക്കുന്നു. [തുർമുദി, ഹാകിം]

-123

അല്ലാഹു, അല്ലാഹുവാണ് എൻെറ രക്ഷിതാവ്. അവനോട് ഞാൻ ഒന്നിനേയും പങ്ക് ചേർക്കുകയില്ല. [അബൂദാവൂദ്, ഇബ്നുമാജ]

36-ശത്രുവിനേയും അധികാരമുള്ളവനേയും അഭിമുഖീകരിക്കുമ്പോൾ

-124

അല്ലാഹുവേ, അവരുടെ നെഞ്ചുകളിൽ നിന്നെ ഞങ്ങൾ ആക്കുന്നു. അവരുടെ തിന്മയിൽ നിന്ന് ഞങ്ങൾ നിന്നിലഭയം തേടുകയും ചെയ്യുന്നു. [അബൂദാവൂദ്, ഹാകിം]

-125

അല്ലാഹുവേ, നീയാണ് എൻെറ ശക്തി. നീയാണെൻെറ സഹായി. നിൻെറ സഹായംകൊണ്ട് ഞാൻ സഞ്ചരിക്കുന്നു. നിൻെറ സഹായം കൊണ്ട് ഞാൻ കീഴ്പെടുത്തുകയും പോരാടുകയും ചെയ്യുന്നു. [അബൂദാവൂദ്, തുർമുദി]

-126

നമുക്ക് അല്ലാഹു മതി. അവൻ ഭരമേൽപ്പിക്കുന്നവരിൽ ഉത്തമനായിരിക്കുന്നു. [ബുഖാരി]

37-ഭരണാധികാരിയുടെ അക്രമത്തെ ഭയപ്പെട്ടാൽ

-127

ഏഴാകാശങ്ങളുടേയും മഹത്തായ സിംഹാസനത്തിൻേറയും നാഥനായ അല്ലാഹുവേ, നിൻെറ സൃഷ്ടികളിൽ പെട്ട ഇന്ന ഇന്നയാളുകളും അവൻെറ അനുയായികളും എൻെറ മേൽ അമിതമായി ഭാരം ചുമത്തുകയോ അക്രമം പ്രവർത്തിക്കുക യോ ചെയ്യുന്നതിൽ നിന്നും നീ എനിക്ക് അഭയം നൽകേണ മേ. നിൻെറ അഭയം പ്രതാപമുള്ളതും നിൻെറ പ്രശംസ ഉന്നത വുമായിരിക്കുന്നു. നീ അല്ലാതെ ആരാധ്യനില്ല. [അദബുൽ മുഫ്റദ്]

-128

അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹു തൻെറ മുഴു വൻ സൃഷ്ടികളേക്കാൾ പ്രതാപിയാണ്. അല്ലാഹു ഞാൻ ഭയപ്പെടുകയും ഭീതിപ്പെടുകയും ചെയ്യുന്നതിനേക്കാൾ പ്രതാപ മുള്ളവനാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ല. ഏഴാകാശ ങ്ങളെ -അവൻെറ അനുമതിയില്ലാതെ- ഭൂമിയിൽ പതിക്കു ന്നതിൽ നിന്ന് പിടിച്ചു നിർത്തുന്നവനും അവനാണ്. അതി നാൽ നിൻെറ ദാസനായ ഇന്നയാളുടേയും മനുഷ്യരിലേയും ജിന്നിലേയും അവൻെറ അനുയായികളുടേയും സൈന്യങ്ങ ളുടേയും കക്ഷികളുടേയും ഉപദ്രവത്തിൽ നിന്നും ഞാൻ അല്ലാ ഹുവിൽ അഭയം തേടുന്നു. അല്ലാഹുവേ, അവരുടെ നാശ ത്തിൽ നിന്ന് നീ എനിക്കുള്ള രക്ഷകനാകേണമേ. നിൻെറ പ്രശം സ ഉന്നതവും നിൻെറ സംരക്ഷണം പ്രതാപമുള്ളതും നിൻെറ

നാമം അനുഗ്രഹീതവുമായിരിക്കുന്നു. നീ അല്ലാതെ മറ്റൊ രാരാധ്യനുമില്ല.[മൂന്ന് തവണ ചൊല്ലുക][അദബുൽ മുഫ്റദ്]

38- ശത്രുവിനെതിരെയുള്ള പ്രാർത്ഥന

-129

ഗ്രന്ഥം അവതരിപ്പിച്ചവനും വേഗത്തിൽ വിചാരണ ചെയ്യുന്ന വനുമായ അല്ലാഹുവേ, ശത്രു വിഭാഗങ്ങളെ നീ പരാജയ പ്പെടുത്തേണമേ! അല്ലാഹുവേ അവരെ പരാജയപ്പെടുത്തു കയും അവരെ വിറപ്പിക്കുകയും ചെയ്യേണമേ. [മുസ്ലിം]

39- ഒരു സമൂഹത്തെ ഭയപ്പെട്ടാൽ

-130

അല്ലാഹുവേ, നീ ഉദ്ദേശിച്ചത്കൊണ്ട് അവർക്ക് നീ മതിയാ ക്കേണമേ! [മുസ്ലിം]

40- ഈമാനിൽ സംശയം തോന്നുമ്പോൾ

-131

അല്ലാഹുവിൽ അഭയം തേടുക. സംശയിക്കുന്ന കാര്യത്തിൽ നിന്ന് വിരമിക്കുക. [ബുഖാരി]

-132

അല്ലാഹുവിലും റസൂലിലും ഞാൻ വിശ്വസിച്ചു എന്നു പറയുക. [മുസ്ലിം]

-133

അവൻ അനാദ്യനും, അനന്ത്യനും, പ്രത്യക്ഷനും, പരോക്ഷനുമാ ണ്. അവൻ എല്ലാ വസ്തുക്കളെക്കുറിച്ചും അറിയുന്നവനാണ്. [അൽ ഹദീദ് :3] ഈ ആയത്ത് ഓതുക [അബൂദാവൂദ്]

41- കടം വീട്ടാൻ

-134

അല്ലാഹുവേ നീ നിഷിദ്ധമാക്കിയതിന് പകരം നീ അനുവദി ച്ചതുകൊണ്ട് എൻെറ ആവശ്യങ്ങൾ നിറവേറ്റണേ. നിൻെറ ഔദാര്യം കൊണ്ട് മറ്റുള്ളവരിൽ നിന്നും എന്നെ ധന്യനാ ക്കേണമേ! [തുർമുദി]

-135

121 നോക്കുക.

42- വസ്വാസുണ്ടാകുമ്പോൾ

[നമസ്കാരത്തിലോ ഖുർആൻ പാരായണത്തിലോ വസ്വാസ് ബാധിച്ചാൽ അതിൽ നിന്ന് അഭയം ചോദിക്കണം]

-136

ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു. ശേഷം മൂന്ന് തവണ ഇടത് ഭാഗത്ത് തുപ്പുകയും ചെയ്യുക. [മുസ്ലിം]

43- ഒരു കാര്യം പ്രയാസകരമായിത്തീർന്നാൽ

-137

അല്ലാഹുവേ നീ എളുപ്പമാക്കിയാലല്ലാതെ ഒരെളുപ്പവുമില്ല. നീ ഉദ്ദേശിച്ചാൽ ഉറപ്പുള്ള ഭൂമിയെ മാർദ്ദവമുള്ള സമതലമാ ക്കുന്നവനാണല്ലൊ. [ഇബ്നു ഹിബ്ബാൻ]

44- ഒരു പാപം ചെയ്തു പോയാൽ

-138

ഒരു അടിമ പാപം ചെയ്താൽ ശരിയായി വുദു ചെയ്യുകയും ശേഷം രണ്ടു റകഅത്ത് നമസ്കരിക്കുകയും എന്നിട്ട് അല്ലാഹു വിനോട് പാപമോചനം തേടുകയും ചെയ്താൽ അവന് അല്ലാ ഹു പൊറുത്തുകൊടുക്കാതിരിക്കില്ല. [അബൂദാവൂദ്, തുർമുദി]

45- പിശാചിനേയും അവൻെറ വസ്വാസിനേയും അകറ്റാൻ

-139

അവനിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടുക.[തുർമുദി]

-140

ബാങ്ക് വിളിക്കുക.

-141

ദിക്റുകൾ ചൊല്ലുക. ഖുർആൻ പാരായണം ചെയ്യുക. [മുസ്ലിം]

46-അനിഷ്ടമുള്ള കാര്യമുണ്ടായാൽ

-142

അല്ലാഹുവിൻെറ വിധിയാണത്. അല്ലാഹു അവൻ ഉദ്ദേശിച്ചത് ചെയ്യുന്നു. [മുസ്ലിം]

47- സന്താനം ജനിച്ചാലുള്ള അനുമോദനവും മറുപടിയും

-143

.

അല്ലാഹു നിനക്ക് നൽകിയതിൽ അനുഗ്രഹിക്കട്ടെ. നൽകിയ വനോട് നീ നന്ദി കാണിക്കുന്നവനാകട്ടെ. അവൻ യുവത്വം പ്രാപിക്കുകയും അവൻെറ നന്മ നിനക്ക് നൽകപ്പെടുകയും ചെയ്യട്ടെ.
അതിന് ഇപ്രകാരം മറുപടി പറയുക.

.

അല്ലാഹു നിന്നെ അനുഗ്രഹിക്കുകയും നിൻെറ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്യട്ടെ. അല്ലാഹു നിനക്ക് നല്ലത് പ്രതിഫലം നൽകട്ടെ. അത്പോലെയുള്ളത് അല്ലാഹു നിനക്ക് നൽകുകയും നിൻെറ പ്രതിഫലം വർദ്ധിപ്പിക്കു കയും ചെയ്യട്ടെ. [അൽ അദ്കാർ, നവവി]

48- സന്താനങ്ങളുടെ രക്ഷക്ക്

-144

നബി (സ) ഹസൻ, ഹുസൈൻ എന്നിവർക്കു വേണ്ടി ഇപ്രകാരം അഭയത്തിനായി പ്രാർത്ഥിക്കാറുണ്ടായിരുന്ന. എല്ലാ പിശാചിൽ നിന്നും എല്ലാ വിഷ ജീവികളിൽ നിന്നും എല്ലാ ദുഷ്ട കണ്ണുകളിൽ നിന്നും അല്ലാഹുവിൻെറ പരിപൂർണ്ണമായ വചനങ്ങളുടെ പേരിൽ ഞാൻ നിങ്ങൾക്ക് അഭയം തേടുന്നു. [ബുഖാരി]

49- രോഗിയെ സന്ദർശിക്കുന്നവൻ

-145

സാരമില്ല. അല്ലാഹു ഉദ്ദേശിച്ചാൽ സുഖപ്പെടും [ബുഖാരി]

-146

മഹത്തായ സിംഹാസനത്തിൻെറ ഉടമയായ മഹാനായ അല്ലാ ഹുവിനോട് നിൻെറ രോഗശമനത്തിന് വേണ്ടി ഞാൻ ചോദി ക്കുന്നു. [ഏഴ് തവണ പറയുക] [തുർമുദി, അബൂദാവൂദ്]

50- രോഗിയെ സന്ദർശിക്കുന്നതിൻെറ ശ്രേഷ്ടത

)) ﷺ -147

((

നബി (സ) പറയുന്നു: ഒരാൾ തൻെറ മുസ്ലിം സഹോദരനെ സന്ദർശിച്ചാൽ അവൻ ഇരിക്കുന്നതു വരെ നടക്കുന്നത് സ്വർഗ്ഗത്തിലെ ഫല സമൃദ്ധമായ തോട്ടത്തിലൂടെയാണ്. അവൻ ഇരുന്നാൽ അനുഗ്രഹം അവനെ ആവരണം ചെയ്യുന്നു. ആ സന്ദർശനം രാവിലെയാണെങ്കിൽ വൈകുന്നേരം വരെ അവന് ഗുണത്തിനുവേണ്ടി എഴുപതിനായിരം മലക്കുകൾ പ്രാർത്ഥിക്കുന്നതാണ്. അത് വൈകുന്നേരമാണെങ്കിൽ പ്രഭാതം വരെ എഴുപതിനായിരം മലക്കുകൾ അവൻെറ ഗുണത്തിനായി പ്രാർത്ഥിക്കുന്നതാണ്. [തുർമുദി, ഇബ്നുമാജ].

51- ജിവിത നൈരാശ്യം ബാധിച്ച രോഗിയുടെ പ്രാർത്ഥന

-148

അല്ലാഹുവേ, എനിക്ക് പാപമോചനം നൽകുകയും കരുണ കാണിക്കുകയും ഉന്നതരായ കൂട്ടുകാരോടൊപ്പം എന്നെ ചേർക്കുകയും ചെയ്യേണമേ!

-149

നബി (സ) മരണാവസരത്തിൽ തൻെറ ഇരു കൈകളും വെള്ളത്തിൽ നനച്ചു അത് കൊണ്ട് മുഖം തടവി പറഞ്ഞു: അല്ലാഹു അല്ലാതെ ആരാധ്യനില്ല. നിശ്ചയം മരണത്തിന് വേദനകളുണ്ട്. [ബുഖാരി]

-150

അല്ലാഹു അല്ലാതെ ആരാധ്യനില്ല. അല്ലാഹു ഏറ്റവും വലിയ വനാണ്. ഏകനായ അല്ലാഹു അല്ലാതെ ആരാധ്യനില്ല. ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹു അല്ലാതെ ആരാധ്യനില്ല. അല്ലാഹു അല്ലാതെ ആരാധ്യനില്ല. രാജാധിപത്യം അവനാണ് സർവ്വ സ്തുതിയും അവനാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ല. ഒരു കഴിവും ശക്തിയും അല്ലാ ഹുവിനെ കൊണ്ടല്ലാതെ ഇല്ല. [തുർമുദി, ഇബ്നുമാജ]

52-മരണാസന്നനുള്ള തൽഖീൻ

-151

ഒരാളുടെ അവസാന വചനം ലാ ഇലാഹ ഇല്ലല്ലാഹു എന്നാ യാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.[അബൂദാവൂദ്]

53- വിപത്ത് സംഭവിച്ചാൽ

-152

ഞങ്ങൾ അല്ലാഹുവിനുള്ളതാണ്. ഞങ്ങൾ അവങ്കലേക്ക് മടക്കപ്പെടുന്നതാണ്. അല്ലാഹുവേ, എൻെറ വിപത്തിൽ എനിക്ക് പ്രതിഫലം നൽകേണമേ. അതിന് പകരം ഉത്തമമായത് എനിക്ക് നൽകേണമേ! [മുസ്ലിം]

54-മയ്യിത്തിൻെറ കണ്ണടക്കുമ്പോൾ

-153

അല്ലാഹുവേ, ഇന്നയാൾക്ക് (പേര് പറയുക) പൊറുത്ത് കൊടുക്കേണമേ! സന്മാർഗ്ഗികളുടെ കൂട്ടത്തിൽ അദ്ദേ ഹത്തിൻെറ പദവി നീ ഉയർത്തേണമേ! അവശേഷിക്കുന്ന വരുടെ കൂട്ടത്തിൽ അദ്ദേഹത്തിൻെറ പിൻഗാമികളിൽ നിന്ന് അദ്ദേഹത്തിൻെറ അഭാവം പരിഹരിക്കേണമേ. ലോക രക്ഷി താവേ, അദ്ദേഹത്തിനും ഞങ്ങൾക്കും നീ പൊറുത്ത് തരേ ണമേ. അദ്ദേഹത്തിൻെറ ഖബർ വിശാലമാക്കിക്കൊടുക്കുക യും അതിൽ പ്രകാശം ചൊരിയുകയും ചെയ്യേണമേ![മുസ്ലിം]

55- മയ്യിത്ത് നമസ്കാരത്തിലെ പ്രാർത്ഥന

-154

[ ]

അല്ലാഹുവേ, അദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും സൗഖ്യം നൽകുകയും മാപ്പ് കൊടുക്കു കയും ചെയ്യേണമേ! അദ്ദേഹത്തിൻെറ ആഥിത്യം ആദരപൂർ വ്വമാക്കേണമേ. അദ്ദേഹത്തിൻെറ പ്രവേശന സ്ഥലം വിശാലമാക്കേണമേ. വെള്ളം, മഞ്ഞ്, ഹിമം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധീകരിക്കുന്നതുപോലെ അദ്ദേഹത്തെ പാപങ്ങളിൽ നിന്ന് ശുദ്ധിയാക്കേണമേ. അദ്ദേഹത്തിൻെറ ഭവനത്തേക്കാൾ ഉത്തമ ഭവനവും കുടുംബത്തേക്കാൾ ഉത്തമ കുടുംബവും

ഇണയേക്കാൾ ഉത്തമമായ ഇണയേയും അദ്ദേഹത്തിന് നൽകേണമേ. അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബറിൻേറയും നരകത്തിൻേറയും ശിക്ഷയിൽ നിന്ന് അഭയം നൽകേണമേ. [മുസ്ലിം]

. -155

അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ട വർക്കും ഹാജറുള്ളവർക്കും ഇല്ലാത്തവർക്കും ഞങ്ങളിൽ വലിയ വർക്കും ചെറിയവർക്കും പുരുഷനും സ്ത്രീക്കും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, നീ ഞങ്ങളിൽ ആരെ ജീവിപ്പിക്കുന്നുവോ അവനെ ഇസ്ലാമിൽ ജീവിപ്പിക്കുകയും ആരെ മരിപ്പിക്കുന്നുവോ അവനെ സത്യ വിശ്വാസത്തോടെ മരിപ്പിക്കുകയും ചെയ്യേണമേ! അല്ലാഹുവേ, ഇദ്ദേഹത്തിൻെറ പേരിലുള്ള പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ. ഇദ്ദേഹത്തിന് ശേഷം നീ ഞങ്ങളെ വഴി തെറ്റിക്കുകയും ചെയ്യരുതേ! [ഇബ്നുമാജ]

. -156

അല്ലാഹുവേ, ഇന്നവൻെറ മകൻ ഇന്നവൻ [വ്യക്തിയുടെ പേരു പറയാം] നിൻെറ സംരക്ഷണത്തിലും നിൻെറ അയൽ പക്കപാശത്തിലുമാണ്. അതിനാൽ നരക ശിക്ഷയിൽ നിന്നും ഖബറിലെ ദുരിതത്തിൽ നിന്നും നീ അവനെ സംരക്ഷിക്കേ ണമേ! നീ സത്യവും കരാറും പാലിക്കുന്നവനാണല്ലോ. നീ അവന് പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും ചെ യ്യേണമേ! നിശ്ചയം നീ അധികം പൊറുക്കുന്നവനും കരു ണ ചെയ്യുന്നവനുമാണല്ലോ! [അബൂദാവൂദ്, ഇബ്നുമാജ]

-157

അല്ലാഹുവേ, നിൻെറ ദാസനും നിൻെറ ദാസിയുടെ പുത്രനു മിതാ നിൻെറ കാരുണ്യത്തിന് ഏറെ ആവശ്യമായിരിക്കുന്നു. അവനെ ശിക്ഷിക്കേണ്ട ആവശ്യമില്ലാത്തവനാണു നീ. അവൻ നന്മ പ്രവർത്തിച്ചവനാണെങ്കിൽ അവൻെറ നന്മയെ നീ വർദ്ധിപ്പിക്കേണമേ! അവൻ തിന്മ ചെയ്തവനാണെങ്കിൽ അത് നീ വിട്ടു മാപ്പാക്കേണമേ [ഹാകിം]

56-ശിശുവിനു വേണ്ടിയുള്ള പ്രാർത്ഥന

. (( )) -158

അല്ലാഹുവേ, ഖബർ ശിക്ഷയിൽ നിന്ന് അവന് നീ അഭയം നൽകേണമേ! [മുവത്വഅ്, ബൈഹഖി] ഇങ്ങനെ പ്രാർത്ഥി ക്കുന്നതും നല്ലതാണ്. അല്ലാഹുവേ, ഇവനെ മാതാപിതാ ക്കൾക്ക് പൂർവ്വ സുകൃതവും നിക്ഷേപവും ഉത്തരം ചെയ്യ പ്പെടുന്ന ശുപാർശകനും ആക്കേണമേ. അല്ലാഹുവേ, ഇവൻ കാരണത്താൽ അവരുടെ തുലാസ് ഭാരമാക്കുകയും അവരുടെ പ്രതിഫലം മഹത്തരമാക്കുകയും ഇവനെ സജ്ജനങ്ങളുടെ കൂടെ ചേർക്കുകയും ഇബ്റാഹീമി(അ)ൻെറ സംരക്ഷണത്തി ലാക്കുകയും ചെയ്യേണമേ. നിൻെറ കാരുണ്യം കൊണ്ട് ഇവ നെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ഇവൻെറ വീടിനേ ക്കാൾ ഉത്തമമായ ഒരു വീടും കുടുംബത്തേക്കാൾ ഉത്തമ മായ കുടുംബവും പകരം നൽകേണമേ. അല്ലാഹുവേ, ഞങ്ങളിലെ പൂർവ്വികർക്കും ശിശുക്കൾക്കും ഞങ്ങളുടെ മുമ്പുള്ള വിശ്വാസികൾക്കും പാപമോചനം നൽകേണമേ. [മുഗ്നി, ഇബ്നു ഖുദാമ]

-159

അല്ലാഹുവേ, ഇവനെ ഞങ്ങൾക്ക് ഒരു പൂർവ്വ സുകൃതവും മുൻഗാമിയും പ്രതിഫലവുമാക്കേണമേ! [ബഗ്വി]

57- അനുശോചിക്കുമ്പോൾ

....

-160

നിശ്ചയം അല്ലാഹു എടുത്തത് അവൻേറതാണ്. അവൻ നൽകിയതും അവൻേറത് തന്നെ. എല്ലാ വസ്തുവിനും അവൻെറ അടുത്ത് ഒരു നിശ്ചിത അവധിയുണ്ട്... അതിനാൽ ക്ഷമിക്കുക. അല്ലാഹുവിൻെറ പ്രതിഫലം കാംക്ഷിക്കുക. [ബുഖാരി, മുസ്ലിം]

അല്ലാഹു നിനക്ക് മഹത്തായ പ്രതിഫലം നൽകട്ടെ. നിൻെറ സാന്ത്വനം അല്ലാഹു നന്നാക്കട്ടെ. നിൻെറ പരേതന് പൊറുത്ത് കൊടുക്കുകയും ചെയ്യട്ടെ. എന്ന് പ്രാർത്ഥിക്കുന്നതും നല്ലതാണ്. [അൽ അദ്കാർ നവവി]

58- മയ്യിത്ത് ഖബറിൽ പ്രവേശിപ്പിക്കുമ്പോൾ

-161

അല്ലാഹുവിൻെറ നാമത്തിലും അല്ലാഹുവിൻെറ ദൂതൻെറ ചര്യയിലുമായി... [അബൂദാവൂദ്]

59- മറവു ചെയ്ത ശേഷം

-162

അല്ലാഹുവേ, ഇവന് പൊറുത്ത് കൊടുക്കേണമേ. അല്ലാഹുവേ, ഇവന് സ്ഥൈര്യം നൽകേണമേ. [അബൂദാവൂദ്, ഹാകിം]

60-ഖബർ സന്ദർശിക്കുമ്പോൾ

] -163

[

ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുസ്ലിംകളും മുഅ്മിനുകളു മായിട്ടുള്ളവരേ, നിങ്ങൾക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. [അല്ലാഹു ഞങ്ങളിലെ മുൻഗാമികൾക്കും പിൻഗാമികൾക്കും കരുണ ചെയ്യട്ടെ] ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥി ക്കുന്നു. [മുസ്ലിം]

61- കാറ്റടിക്കുമ്പോൾ

-164

അല്ലാഹുവേ, ആ കാറ്റിൻെറ നന്മയെ നിന്നോട് ഞാൻ ചോദിക്കുകയും അതിൻെറ തിന്മയിൽ നിന്ന് നിന്നിലഭയം തേടുകയും ചെയ്യുന്നു. [അബൂദാവൂദ്, ഇബ്നുമാജ]

-165

അല്ലാഹുവേ, കാറ്റിൽ നല്ലതിനേയും അതിലുള്ളതിൻെറ നന്മ യേയും അത് അയക്കപ്പെട്ടതിനാലുള്ള നന്മയേയും നിന്നോട് ഞാൻ ചോദിക്കുന്നു. കാറ്റിൽ മോശമായതിൽ നിന്നും അതിലുള്ള തിന്മയിൽ നിന്നും അത് അയക്കപ്പെട്ടതിനാലുള്ള തിന്മയിൽ നിന്നും നിന്നിലഭയം തേടുന്നു. [ബുഖാരി, മുസ്ലിം]

62- ഇടിയുണ്ടാകുമ്പോൾ

-166

ഭയന്നുകൊണ്ട് മലക്കുകളും സ്തുതിച്ചുകൊണ്ട് ഇടിയും ഏതൊരുവനെ പ്രകീർത്തിക്കുന്നുവോ അവൻ (അല്ലാഹു) എത്ര പരിശുദ്ധൻ!

63- മഴക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ

-167

അല്ലാഹുവേ, കാലതാമസമില്ലാതെ, ഉടനെ ലഭിക്കുന്നതും ഉപദ്രവകരമല്ലാതെ ഉപകരിക്കുന്നതും സുഖകരവും സമൃദ്ധി നൽകുന്നതും സഹായകവുമായ മഴ ഞങ്ങൾക്ക് തരേണമേ! [അബൂദാവൂദ്]

-168

അല്ലാഹുവേ ഞങ്ങൾക്ക് മഴ തരേണമേ! (മൂന്ന് തവണ പറയുക) [ബുഖാരി, മുസ്‌ലിം]

-169

അല്ലാഹുവേ നിൻെറ ദാസന്മാർക്കും നിൻെറ കന്നുകാലി കൾക്കും നീ കുടിപ്പിക്കേണമേ. നിൻെറ കാരുണ്യം നീ വ്യാപിപ്പിക്കുകയും നിൻെറ നിർജ്ജീവമായ നാടിനെ നീ സജീവമാക്കുകയും ചെയ്യേണമേ! [അബൂദാവൂദ്]

64- മഴ വർഷിക്കുമ്പോൾ

-170

അല്ലാഹുവേ ഉപകരിക്കുന്ന ധാരാളം മഴ നൽകേണമേ! [ബുഖാരി]

65- മഴക്ക് ശേഷം

-171

അല്ലാഹുവിൻെറ ഔദാര്യവും കാരുണ്യവും കൊണ്ട് നമുക്ക് മഴ ലഭിച്ചു. [ബുഖാരി, മുസ്‌ലിം]

66- മഴ നീങ്ങാൻ വേണ്ടി

. -172

അല്ലാഹുവേ ഞങ്ങളുടെ ചുറ്റുഭാഗങ്ങളിലേക്കും മഴയെ നീ നീക്കേണമേ! ഞങ്ങൾക്കത് നാശകരമാക്കരുതേ. അല്ലാഹു വേ കുന്നുകളിലും മലകളിലും താഴ്‌വരകളിലും വനാന്തരങ്ങ ളിലും നീ മഴയെ ഒതുക്കി നിർത്തേണമേ! [ബുഖാരി, മുസ്‌ലിം]

67-മാസപ്പിറവി കണ്ടാൽ

-173

അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹുവേ നിർഭയ ത്വവും വിശ്വാസവും സമാധാനവും നീ ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവ പ്രവർത്തിക്കാനുള്ള ഉദവി യും കൊണ്ട് ഈ മാസത്തെ ഞങ്ങളിൽ ഉദിപ്പിക്കേണമേ. [മാസത്തെ നോക്കി പറയുക] ഞങ്ങളുടേയും നിൻേറയും നാഥൻ അല്ലാഹുവാണ്. [തുർമുദി, ദാരിമി]

68- നോമ്പ് തുറക്കുമ്പോൾ

-174

ദാഹം ശമിച്ചു. ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഇച്ഛി ച്ചെങ്കിൽ പ്രതിഫലം ലഭിക്കുകയും ചെയ്യും. [അബൂദാവൂദ്]

-175

അല്ലാഹുവേ, സർവ്വ വസ്തുക്കളിലും വിശാലമായ നിൻെറ കാരുണ്യത്താൽ എൻെറ പാപങ്ങൾ പൊറുത്ത് തരാൻ നിന്നോട് ഞാൻ ചോദിക്കുന്നു. [ഇബ്നുമാജ]

69- ഭക്ഷണം കഴിക്കുന്നതിൻെറ മുമ്പ്

-176

നിങ്ങളിൽ ഒരാൾ ഭക്ഷണം കഴിക്കുകയാണെങ്കിൽ അവൻ 'അല്ലാഹുവിൻെറ നാമത്തിൽ' എന്ന് പറയട്ടെ. അവൻ ആദ്യത്തിൽ പറയാൻ മറന്നാൽ 'ആദ്യത്തിലും അവസാനത്തി ലുമായിക്കൊണ്ട് അല്ലാഹുവിൻെറ നാമത്തിൽ' എന്നവൻ പറയട്ടെ. [അബൂദാവൂദ്, തുർമുദി]

" " -177

ഒരാൾക്ക് ഭക്ഷണം നൽകിയാൽ അവൻ ഇപ്രകാരം പറയട്ടെ. അല്ലാഹുവേ ഞങ്ങൾക്ക് അതിൽ അനുഗ്രഹം ചൊരിയുകയും അതിനേക്കാൾ ഉത്തമമായത് ഞങ്ങളെ ഭക്ഷിപ്പിക്കുകയും ചെയ്യേണമേ! ഒരാൾക്ക് അല്ലാഹു പാല് കുടിപ്പിച്ചാൽ അല്ലാഹുവേ അതിൽ ഞങ്ങൾക്ക്

അനുഗ്രഹം ചൊരി യുകയും വർദ്ധനവ് നൽകുകയും ചെയ്യേണമേ! എന്ന് അവൻ പറയട്ടെ. [തുർമുദി]

70- ആഹരിച്ചു കഴിഞ്ഞാൽ

-178

അല്ലാഹുവേ, എൻെറ കഴിവോ ശേഷിയോ കൂടാതെ ഇതെനി ക്ക് നൽകുകയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. [തുർമുദി]

[ ] -179

ഞങ്ങളുടെ നാഥാ! വിശിഷ്ടവും അനുഗ്രഹീതവുമായ എണ്ണ മറ്റ സ്തുതികൾ, മതിവരാത്തതും ഉപേക്ഷിക്കപ്പെടാത്തതും ഒഴിച്ചു കൂടാത്തതുമായ നിലയിൽ നിനക്കാണ്. [ബുഖാരി]

71- അതിഥി ആതിഥേയർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടത്

-180

അല്ലാഹുവേ അവർക്ക് നൽകിയതിൽ നീ അനുഗ്രഹിക്കു കയും അവർക്ക് പൊറുത്ത് കൊടുക്കുകയും അവർക്ക് കാരുണ്യം നൽകുകയും ചെയ്യേണമേ! [മുസ്ലിം]

72- പാനീയം നൽകിയവർക്കു വേണ്ടി.

-181

അല്ലാഹുവേ എന്നെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കുകയും എന്നെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കുകയും ചെയ്യേണമേ! [മുസ്ലിം]

73- നോമ്പ് തുറപ്പിച്ച വീട്ടുകാർക്കു വേണ്ടി

-182

വ്രതമുള്ളവർ നിങ്ങളുടെ അടുക്കൽ നോമ്പു തുറക്കുകയും നല്ലവർ നിങ്ങളുടെയടുക്കൽ ആഹരിക്കുകയും ചെയ്തു. മലക്കുകൾ നിങ്ങൾക്ക് ഗുണത്തിനായി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. [അബൂദാവൂദ്, ഇബ്നുമാജ]

-183

നിങ്ങളിലൊരാൾ (ഭക്ഷണത്തിന്) ക്ഷണിക്കപ്പെട്ടാൽ അവൻ അത് സ്വീകരിക്കട്ടെ. അവൻ നോമ്പ്കാരനാണെങ്കിൽ അവൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ. നോമ്പില്ലാത്ത വനെങ്കിൽ അവൻ ഭക്ഷിക്കട്ടെ. [മുസ്ലിം]

75- നോമ്പ്കാരൻ ആക്ഷേപിക്കപ്പെട്ടാൽ

-184

നിശ്ചയം ഞാൻ വ്രതമുള്ളവനാണ്, നിശ്ചയം ഞാൻ വ്രതമുള്ളവനാണ് (എന്ന് പറയട്ടെ) [ബുഖാരി]

76- ആദ്യ ഫലം കാണുമ്പോൾ

-185

അല്ലാഹുവേ ഞങ്ങളുടെ കായ്ഫലങ്ങളിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ. ഞങ്ങളുടെ നഗരത്തെ അനുഗ്രഹി ക്കേണമേ. ഞങ്ങളുടെ സ്വാഇലും മുദ്ദിലും [ഭക്ഷ്യവിഭ വങ്ങളിലും] അനുഗ്രഹം പ്രദാനം ചെയ്യേണമേ ! [മുസ്ലിം]

77- തുമ്മിയാലുള്ള പ്രാർത്ഥന

-186

നിങ്ങളിലൊരാൾ തുമ്മിയാൽ അവൻ 'സർവ്വ സ്തുതിയും അല്ലാഹുവിനാണ്' എന്ന് പറയട്ടെ. അത് കേട്ട അവൻെറ സഹോദരൻ 'അല്ലാഹു നിനക്ക് കരുണ ചെയ്യട്ടെ' എന്ന് പറയട്ടെ.

തുമ്മിയവൻ 'അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാ ക്കുകയും നിങ്ങളുടെ അവസ്ഥ നന്നാക്കുകയും ചെയ്യട്ടെ' എന്ന് പറയട്ടെ. [ബുഖാരി]

78- തുമ്മിയിട്ട് അല്ലാഹുവിനെ സ്തുതിച്ച കാഫിറിനോട് പറയേണ്ടത്

-187

'അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കുകയും നിങ്ങളുടെ അവസ്ഥ നന്നാക്കുകയും ചെയ്യട്ടെ' [തുർമുദി, അഹ്മദ്, അബൂദാവൂദ്]

79- വിവാഹിതന് വേണ്ടിയുള്ള പ്രാർത്ഥന

-188

അല്ലാഹു നിനക്ക് (നിൻെറ ഇണയിൽ) അനുഗ്രഹം ചെയ്യട്ടെ. നിൻെറ മേൽ അനുഗ്രഹം ചൊരിയുകയും നിങ്ങൾ രണ്ടുപേ രേയും നന്മയിൽ ഒരുമിപ്പിക്കുകയും ചെയ്യട്ടെ. [തുർമുദി, അബൂദാവൂദ്]

80- വിവാഹിതനും സേവകയെ സ്വീകരിച്ചവനും പ്രാർത്ഥിക്കേണ്ടത്

-189

നിങ്ങളിലൊരാൾ വിവാഹം ചെയ്യുകയോ സേവകയെ സ്വീകരി ക്കുകയോ ചെയ്താൽ അവൻ ഇപ്രകാരം പറയട്ടെ. അല്ലാഹു വെ അവളുടെ നന്മയും നീ അവളെ ഏതൊരു സ്വഭാവത്തിൽ സൃഷ്ടിച്ചുവോ അതിൻെറ നന്മയും ഞാൻ നിന്നോട് ചോദിക്കു ന്നു. അവളുടെ തിന്മയിൽ നിന്നും അവളെ നീ സൃഷ്ടിച്ചത് ഏതൊരു സ്വഭാവത്തിലാണോ അതിൻെറ തിന്മയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. ഒരു ഒട്ടകം വാങ്ങിയവൻ അതിൻെറ പൂഞ്ഞ പിടിച്ചുകൊണ്ട് ഇതേ പ്രകാരം പ്രാർത്ഥി ക്കേണ്ടതാണ്. [അബൂദാവൂദ്, ഇബ്നുമാജ]

81- സംയോഗത്തിനു മുമ്പ്

. **-190**

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവേ പിശാചിനെ ഞങ്ങ ളിൽ നിന്ന് നീ അകറ്റേണമേ. ഞങ്ങൾക്ക് നൽകുന്നതിൽ നിന്നും നീ പിശാചിനെ അകറ്റേണമേ. [ബുഖാരി]

82- കോപം വരുമ്പോൾ

-191

ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനോട് ഞാൻ അഭയം ചോദിക്കുന്നു. [ബുഖാരി, മുസ്‌ലിം]

83- പരീക്ഷിക്കപ്പെട്ടവനെ കണ്ടാൽ

-192

നിന്നെബാധിച്ച പരീക്ഷണത്തിൽ നിന്ന് എനിക്ക് സൗഖ്യം നൽകുകയും സൃഷ്ടികളിൽ അനേകമാളുകളേക്കാൾ എന്നെ ഉൽകൃഷ്ടനാക്കുകയും ചെയ്ത അല്ലാഹുവിന് സർവ്വ സ്തു തിയും. [തുർമുദി]

84- സദസ്സിലിരിക്കുമ്പോൾ

-193

ഇബ്നു ഉമറിൽ നിന്ന് നിവേദനം: ഒരു സദസ്സിൽ നിന്ന് നബി (സ) എഴുന്നേൽക്കുന്നതിനു മുമ്പായി നൂറ് തവണ ഇപ്രകാരം പ്രാർത്ഥിക്കുന്നതായി കണക്കാക്കപ്പെട്ടിരുന്നു. 'നാഥാ എന്നോട് പൊറുക്കുകയും എൻെറ പശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ. നിശ്ചയം നീ പശ്ചാതാപം സ്വീകരിക്കുന്നവനും കൂടുതൽ പൊറുക്കുന്നവനുമാണ്. [തുർമുദി, ഇബ്നുമാജ]

85- സദസ്സിൻെറ പ്രായശ്ചിത്തം

-194

അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിൻെറ പരിശു ദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീ അല്ലാതെ ഒരാരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് പാപ മോചനത്തി നായി അർത്ഥിക്കുകയും നിന്നിലേക്ക് പശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു [തുർമുദി, അഹ്മദ്]

86- അല്ലാഹു താങ്കൾക്ക് പൊറുത്ത് തരട്ടെ എന്ന് പറഞ്ഞവനു വേണ്ടി

(( )) -195

താങ്കൾക്കും (പൊറുത്ത് തരട്ടെ) [അഹ്മദ്, നസാഇ]

87- നല്ല കാര്യം ചെയ്തവന് വേണ്ടി

-196

അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകട്ടെ [തുർമുദി]

88- ദജ്ജാലിൽ നിന്ന് കാവലിന് വേണ്ടി

- -197

.

അൽ കഹ്ഫ് സൂറ:യിലെ ആദ്യത്തെ പത്ത് ആയത്തുകൾ ഒരാൾ മന:പാഠമാക്കിയാൽ ദജ്ജാലിൽ നിന്ന് അവൻ സംരക്ഷിക്കപ്പെടും [മുസ്ലിം]- എല്ലാ നമസ്കാരത്തിലേയും അവസാനത്തെ തശഹുദി(അത്തഹിയ്യാ)നു ശേഷം ദജ്ജാലിൻെറ കുഴപ്പത്തിൽ നിന്ന് അല്ലാഹുവിനോട് അഭയം ചോദിക്കുക. [മുസ്ലിം]

89- താങ്കളെ അല്ലാഹുവിന് വേണ്ടി ഞാൻ സ്നേഹിക്കുന്നുവെന്ന് പറഞ്ഞാൽ

-198

താങ്കൾ ആർക്കുവേണ്ടി എന്നെ സ്നേഹിച്ചുവോ അവൻ താങ്കളേയും സ്നേഹിക്കട്ടെ [അബൂദാവൂദ്]

90- താങ്കൾക്ക് ധനം കാണിച്ചുതന്നവന്.

-199

അല്ലാഹു താങ്കളുടെ കുടുംബത്തിലും ധനത്തിലും താങ്കളെ അനുഗ്രഹിക്കട്ടെ. [ബുഖാരി]

91- കടം നൽകിയവനു വേണ്ടി

-200

അല്ലാഹു താങ്കളെ കുടുംബത്തിലും ധനത്തിലും അനുഗ്രഹി ക്കട്ടെ. നിശ്ചയം കടത്തിനുള്ള പ്രതിഫലം സ്തുതിയും വീട്ടലുമാണ് [നസാഇ, ഇബ്നുമാജ]

92- ശിർക്കിനെ ഭയപ്പെടുമ്പോൾ

-201

അല്ലാഹുവേ, എനിക്ക് അറിവുണ്ടായിരിക്കെ നിന്നോട് പങ്ക് ചേർക്കുന്നതിൽ നിന്ന് നിന്നിലഭയം തേടുന്നു. എനിക്കറിയാ ത്തതിൽ നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു. [അഹ്മദ്]

93- അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞവന് വേണ്ടി

(( )) -202

താങ്കൾക്കും അല്ലാഹു അനുഗ്രഹം നൽകുമാറാകട്ടെ [ഇബ്നുസ്സുന്നി]

94- ശകുനത്തെ വെറുത്താൽ

-203

അല്ലാഹുവേ നിൻെറ ശകുനമല്ലാതെ മറ്റൊരു ശകുനമില്ല. നിൻെറ നന്മയല്ലാതെ മറ്റൊരു നന്മയില്ല. നീ അല്ലാതെ മറ്റൊരു ആരാധ്യനില്ല. [അഹ്മദ്]

95- വാഹനത്തിൽ കയറുമ്പോൾ

( ) -204

അല്ലാഹുവിൻെറ നാമത്തിൽ, സർവ്വ സ്തുതിയും അല്ലാഹുവിനാണ്. ഈ വാഹനം ഞങ്ങൾക്ക് കീഴ്പെടുത്തി തന്നവനായ അല്ലാഹു പരിശുദ്ധൻ. ഞങ്ങൾ അത് കീഴ്പെടു ത്താൻ കഴിവുള്ളവരായിരുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളു ടെ നാഥനിലേക്ക് മടങ്ങുന്നവരാകുന്നു. 'അല്ലാഹുവിന് സ്തുതി' എന്ന് മൂന്ന് തവണ പറയുക. അല്ലാഹുവാണ് ഏറ്റവും വലിയവൻ എന്ന് മൂന്ന് തവണ പറയുക. അല്ലാഹു വേ നീ പരിശുദ്ധൻ! നിശ്ചയം ഞാൻ എന്നോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. അതിനാൽ എനിക്ക് പൊറുത്ത് തരേണമേ. നീ അല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല. [അബൂദാവൂദ്, തുർമുദി]

96- യാത്രയിലെ പ്രാർത്ഥന

-205

അല്ലാഹു ഏറ്റവും വലിയവനാണ്. (മൂന്ന് തവണ പറയുക) ഈ വാഹനം ഞങ്ങൾക്ക് കീഴ്പെടുത്തി തന്നവനായ അല്ലാഹു പരിശുദ്ധനാണ്. ഞങ്ങൾ അത് കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് മടങ്ങുന്നവരാകുന്നു. അല്ലാഹുവേ ഞങ്ങളുടെ ഈ യാത്രയിൽ പുണ്യവും തഖ്വയും നീ തൃപ്തിപ്പെടുന്ന കർമ്മവും നിന്നോട് ഞങ്ങൾ ചോദിക്കുന്നു. അല്ലാഹുവേ ഈ യാത്ര ഞങ്ങൾക്ക് എളുപ്പമുള്ളതാക്കി തരികയും ദൂരം ചുരുക്കിതരികയും ചെയ്യേണമേ. അല്ലാഹുവേ യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പകരക്കാരനും നീയാണ്. അല്ലാഹുവേ യാത്രാ ക്ലേശത്തിൽ നിന്നും ദു:ഖകരമായ കാഴ്ചയിൽ നിന്നും കുടുംബത്തിലും ധനത്തിലും മോശമായ പരിണിതിയുണ്ടാകുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.

യാത്രയിൽ നിന്ന് മടങ്ങിയാൽ മേൽ വചനങ്ങളുടെ പുറമെ ... .

മടങ്ങുന്നവരും പശ്ചാത്തപിക്കുന്നവരും ആരാധിക്കുന്നവരും ഞങ്ങളുടെ നാഥനെ സ്തുതിക്കുന്നവരുമാണ് ഞങ്ങൾ. എന്നും പറയുക. [മുസ്ലിം]

97- ഒരു ഗ്രാമത്തിലോ മറ്റു നാടുകളിലോ പ്രവേശിക്കുമ്പോൾ

-206

.

ഏഴാകാശങ്ങളുടേയും അവ നിഴലേകുന്നതിൻേറയും നാഥ നും ഏഴ്ഭൂമിയുടേയും അവ വഹിച്ചതിൻേറയും നാഥനും പിശാ ചുക്കളുടേയും അവ വഴിതെറ്റിച്ചതിൻേറയും നാഥനും കാറ്റുക ളുടേയും അവ വിതറിയതിൻേറയും നാഥനുമായ അല്ലാഹുവേ ഈ ഗ്രാമത്തിൻെറ നന്മയും അതിലെ നിവാസികളുടെ നന്മയും അതിലുള്ളതിൻെറ നന്മയും നിന്നോട് ഞാൻ ചോദിക്കുന്നു. ഈ ഗ്രാമത്തിൻെറ തിന്മയിൽ നിന്നും അതിലെ നിവാസി കളുടെ തിന്മയിൽ നിന്നും അതിലുള്ളതിൻെറ തിന്മയിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. [ഹാകിം]

98- അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ

-207

അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാ രില്ലാത്തവനുമാണ്. അവനാണ് രാജാധിപത്യം. എല്ലാ സ്തു തിയും അവനാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കു കയും

ചെയ്യുന്നു. അവൻ ജീവനുള്ളവനാണ്. മരിക്കുകയില്ല. എല്ലാ നന്മകളും അവൻെറ കയ്യിലാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. [തുർമുദി, ഇബ്നുമാജ]

99- വാഹനമോ മൃഗമോ നഷ്ടപ്പെട്ടാൽ

-208

അല്ലാഹുവിൻെറ നാമത്തിൽ [അബൂദാവൂദ്]

100- യാത്ര ചോദിക്കുമ്പോൾ

-209

നിങ്ങളെ ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു. അവനിൽ വിശ്വസിച്ചേൽപ്പിക്കപ്പെടുന്നവ പാഴാവുകയില്ല. [അഹ്മദ്, ഇബ്നുമാജ]

101- യാത്ര പോകുന്നവന് വേണ്ടി

-210

താങ്കളുടെ മതവും വിശ്വസ്തതയും പ്രവർത്തനങ്ങളുടെ പര്യവ സാനവും ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു. [അഹ്മദ്, തുർമുദി]

-211

അല്ലാഹു താങ്കൾക്ക് തഖ്‌വ നൽകുകയും താങ്കളുടെ പാപം പൊറുക്കുകയും താങ്കൾ എവിടെയാണെങ്കിലും താങ്കൾക്ക് നന്മ എളുപ്പമാക്കിത്തരികയും ചെയ്യട്ടെ. [തുർമുദി]

102- യാത്രക്കിടയിൽ

(( )) : -212

ജാബിർ(റ) പറയുന്നു. ഞങ്ങൾ ഉയരം കയറുമ്പോൾ തക്ബീർ ചൊല്ലുകയും ഇറങ്ങുമ്പോൾ തസ്ബീഹ് ചൊല്ലുകയും ചെയ്യു മായിരുന്നു. [ബുഖാരി]

103- രാത്രിയുടെ അന്ത്യ യാമത്തിലാകുമ്പോൾ

. -213

ഞങ്ങളുടെ മേലുള്ള അല്ലാഹുവിൻെറ സൽ പരീക്ഷണങ്ങൾ ക്കും ഞങ്ങൾ അവനെ സ്തുതിച്ചതിനും സാക്ഷിയായവൻ സാക്ഷിയായിട്ടുണ്ട്. ഞങ്ങളുടെ നാഥാ ഞങ്ങളെ നീ കാത്തു രക്ഷിക്കുകയും ഞങ്ങളുടെ മേൽ ഉദാരമായി അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ! നരകത്തിൽ നിന്ന് അല്ലാഹു വിനോട് ഞങ്ങൾ അഭയം തേടുന്നു. [മുസ്‌ലിം]

104- യാത്രക്കിടയിൽ വല്ല സ്ഥലത്തും ഇറങ്ങിയാൽ

-214

നമ്പർ 97 നോക്കുക [മുസ്‌ലിം]

105- യാത്രയിൽ നിന്ന് മടങ്ങുമ്പോൾ

-215

എല്ലാ ഉയർന്ന പ്രദേശങ്ങളിലും വെച്ച് മൂന്ന് തവണ തക്ബീർ ചൊല്ലുക. ശേഷം ദിക്ർ ചൊല്ലുക. [അതിൽ മുതൽ വരെയുള്ളതിൻെറ അർത്ഥം 207-ൽ വന്നിട്ടുണ്ട്.]

അല്ലാഹു അവൻെറ വാഗ്ദാനം യാഥാർത്ഥ്യമാക്കിയിരിക്കുന്നു. അവൻ തൻെറ ദാസനെ സഹായിക്കുകയും അവൻ മാത്രമായി സഖ്യ കക്ഷികളെ പരാജയപ്പെടുത്തുകയും ചെയ്തിരിക്കുന്നു. [നബി (സ) യുദ്ധമോ ഹജ്ജോ കഴിഞ്ഞു മടങ്ങുമ്പോൾ അത് ചൊല്ലിയിരുന്നു. [ബുഖാരി, മുസ്‌ലിം]

106- സന്തോഷിപ്പിക്കുന്നതോ വെറുപ്പിക്കുന്നതോ ആയ കാര്യം ഒരാൾക്കുണ്ടായാൽ

)) : (( )) : ﷺ -216

((

നബി (സ) തനിക്ക് സന്തോഷകരമായ വല്ല കാര്യവുമുണ്ടാ യാൽ ഇങ്ങനെ പറയും: അല്ലാഹുവിന് സർവ്വ സ്തുതിയും അവൻെറ അനുഗ്രഹം കൊണ്ടാണ് സുകൃതങ്ങൾ പൂർണ്ണമാകുന്നത്. വെറുപ്പുളവാക്കുന്ന വല്ല കാര്യവും സംഭവിച്ചാൽ അദ്ദേഹം പറയും എല്ലാ അവസ്ഥയിലും സർവ്വ സ്തുതിയും അല്ലാഹുവിനാണ്. [ഇബ്നുൽ സുനി]

107- നബി (സ) യുടെ മേൽ സ്വലാത്ത് ചൊല്ലൽ

(( )) ﷺ -217

നബി (സ) പറയുന്നു: എൻെറ മേൽ ഒരാൾ ഒരു സ്വലാത്ത് ചൊല്ലിയാൽ അതിനാൽ അല്ലാഹു അവന് പത്ത് അനുഗ്രഹം ചെയ്യുന്നതാണ്. [മുസ്ലിം]

(( )) : ﷺ -218

നബി (സ) പറഞ്ഞു: എൻെറ ഖബറിടം നിങ്ങൾ ഉത്സവമാക്കരുത്. എൻെറ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയാണെ ങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്. [അബൂദാവൂദ്]

(( )) : ﷺ -219

നബി (സ) പറയുന്നു: ഒരാളുടെ അടുക്കൽ വെച്ച് എന്നെ പറയ പ്പെട്ടിട്ടും എൻെറ മേൽ സ്വലാത്ത് ചൊല്ലാതിരിക്കുന്നവനാണ് ലുബ്ധൻ. [തുർമുദി]

(( )) : ﷺ -220

നബി (സ) പറഞ്ഞു: അല്ലാഹുവിന് ഭൂമിയിൽ ചുറ്റി സഞ്ചരിക്കുന്ന ഒരു കൂട്ടം മലക്കുകളുണ്ട്. എൻെറ സമുദായത്തിൽ നിന്നുള്ള സലാം അവർ എനിക്ക് എത്തിക്കുന്നതാണ്.[നസാഇ, ഹാകിം]

(( )) : ﷺ -221

വല്ലവനും എൻെറ മേൽ സലാം പറഞ്ഞാൽ അല്ലാഹു എൻെറ റൂഹിനെ എൻെറ മേൽ മടക്കുകയും അങ്ങനെ ഞാൻ അവന് സലാം മടക്കുകയും ചെയ്യുന്നതാണ്. [അബൂദാവൂദ്]

108- സലാം പ്രചരിപ്പിക്കുക

)) : ﷺ -222

((

നബി (സ) പറഞ്ഞു: വിശ്വാസികളാകുന്നതു വരെ നിങ്ങളാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതു വരെ നിങ്ങളാരും വിശ്വാസികളാകുകയില്ല. നിങ്ങൾക്കിടയിൽ പരസ്പരം സ്നേഹമുണ്ടായിത്തീരുന്ന ഒരു കാര്യം ചെയ്യാൻ നിങ്ങളെ ഞാൻ അറിയിക്കട്ടെയോ: നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക. [മുസ്ലിം]

((: -223

മൂന്ന് കാര്യങ്ങൾ ഒരാളിൽ സമ്മേളിച്ചാൽ അവൻ വിശ്വാസം സമാഹരിച്ചവനായി. സ്വന്തത്തിൽ നിന്നുള്ള നീതി പാലനം, ലോകത്തിന് സമാധാനം (സലാം) നൽകുക. ദാരിദ്ര്യമുണ്ടായിരി ക്കെ ചെലവു ചെയ്യുക. [ബുഖാരി]

)) : ﷺ : -224

((

അബ്ദുല്ലാഹിബ്നു ഉമറിൽ (റ) നിന്ന് നിവേദനം: ഒരാൾ നബി(സ) യോട് ചോദിച്ചു. ശ്രേഷ്ടമായ ഇസ്ലാമെന്താണ്? അവിടുന്ന് പറഞ്ഞു: ഭക്ഷണം കൊടുക്കുക, നിനക്ക് അറിയുന്ന വർക്കും അറിയാത്തവർക്കും സലാം പറയുക. [മുസ്ലിം]

109- അവിശ്വാസി സലാം ചൊല്ലിയാൽ മടക്കേണ്ടതെങ്ങനെ?

: -225

വേദക്കാർ നിങ്ങളോട് സലാം പറഞ്ഞാൽ 'നിങ്ങളുടെ മേലും' എന്ന് നിങ്ങൾ പറയുക. [ബുഖാരി, മുസ്‌ലിം]

110- കോഴി കൂവുന്നതോ കഴുത കരയുന്നതോ കേട്ടാൽ

-226

കോഴി കൂവുന്നത് നിങ്ങൾ കേട്ടാൽ അല്ലാഹുവിൻെറ ഔദാര്യ ത്തിൽ നിന്ന് ചോദിക്കുക. നിശ്ചയം അത് മലക്കിനെ കണ്ടിരി ക്കുന്നു. കഴുത കരയുന്നത് കേട്ടാൽ നിങ്ങൾ അല്ലാഹുവി നോട് പിശാചിൽ നിന്ന് അഭയം ചോദിക്കുക. നിശ്ചയം അത് പിശാചിനെ കണ്ടിരിക്കുന്നു. [ബുഖാരി, മുസ്‌ലിം]

111- രാത്രിയിൽ നായ കുരക്കുന്നത് കേട്ടാൽ

-227

രാത്രിയിൽ നായ കുരക്കുന്നതോ കഴുത കരയുന്നതോ നിങ്ങൾ കേട്ടാൽ അവയിൽ നിന്ന് അല്ലാഹുവിൽ അഭയം തേടുക. കാരണം നിങ്ങൾ കാണാത്ത ചിലത് അവ കാണുന്നു. [അബൂദവൂദ്, അഹ്മദ്]

112- നീ ആരെയെങ്കിലും ആക്ഷേപിച്ചാൽ

: ﷺ -228

നബി(സ) പറഞ്ഞു: അല്ലാഹുവേ, ഏതൊരു വിശ്വാസിയെ ഞാൻ ആക്ഷേപിച്ചുവോ അത് അവന് അന്ത്യ നാളിൽ നിന്നിലേക്കു ള്ള ഒരു പുണ്യമാക്കിത്തീർക്കേണമേ! [ബുഖാരി, മുസ്‌ലിം]

113-ഒരു മുസ്‌ലിമിനെ പ്രശംസിക്കുമ്പോൾ

: : ﷺ -229

– –

നബി(സ) പറഞ്ഞു നിങ്ങളിലൊരാൾ തൻെറ സ്നേഹിതനെ പ്രശംസിക്കുകയാണെങ്കിൽ അവൻ ഇപ്രകാരം പറയട്ടെ. അവനെ കുറിച്ച് ഞാൻ അങ്ങനെ ധരിക്കുന്നു. എന്നാൽ അല്ലാഹുവാണ് അവനെ സൂക്ഷ്മമായി വിചാരണ ചെയ്യുന്ന വൻ. അല്ലാഹുവിൻെറ അടുക്കൽ ഞാനൊരാളെയും പരിശുദ്ധ നാക്കുന്നില്ല. അവൻ ഇന്നാലിന്ന രൂപത്തിലാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് അവൻ അറിയുന്നുവെങ്കിൽ [മുസ്‌ലിം]

114- വിശുദ്ധനാക്കപ്പെട്ട ഒരു മുസ്‌ലിം പറയേണ്ടത്.

[ ] -230

അല്ലാഹുവേ അവർ പറയുന്നതിനാൽ എന്നെ നീ പിടിച്ചു ശിക്ഷിക്കരുതേ. അവർക്ക് അറിയാത്തവ എന്നോട് നീ പൊറുക്കേണമേ. [അവർ വിചാരിക്കുന്നതിനേക്കാൾ എന്നെ ഉത്തമനാക്കേണമേ] [അദബുൽ മുഫറദ്]115

115-ഹജ്ജിലും ഉംറയിലും തൽബിയത്ത് ചൊല്ലേണ്ടതെങ്ങനെ?

. -231

അല്ലാഹുവേ, നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയി രിക്കുന്നു. നിൻെറ വിളി കേട്ടെത്തിയിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിൻെറ വിളിക്കിതാ ഞാനുത്തരം ചെയ്തിരിക്കുന്നു. നിശ്ചയം സർവ്വ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധിപത്യവും നിനക്ക് തന്നെയാണ്. നിനക്ക് ഒരു പങ്കാളിയുമില്ല. [ബുഖാരി]

116- ഹജറുൽ അസ്‌വദിൻെറ നേരെ എത്തിയാൽ

. ﷺ -232

നബി (സ) ഒട്ടകത്തിൻമേൽ കഅ്ബ ത്വവാഫ് ചെയ്തു. അവിടു ന്ന് ആ (ഹജറുൽ അസ്വദുള്ള) മൂലയിൽ എത്തുമ്പോഴൊക്കെ തൻെറ അടുത്തുള്ള വടി കൊണ്ട് അതിലേക്ക് ചൂണ്ടുകയും തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു. [ബുഖാരി]

117- ഹജറുൽ അസ്വദിൻേറയും റുകുനുൽ യമാനിയുടേയും ഇടയിൽ

-

ഞങ്ങളുടെ നാഥാ ദുൻയാവിൽ ഞങ്ങൾക്ക് നീ നന്മ നൽകേ ണമേ. പരലോകത്തും ഞങ്ങൾക്ക് നീ നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ. [അബൂദാവൂദ്, അഹ്മദ്]

118- സ്വഫായിലും മർവയിലും നിൽക്കുമ്പോൾ

... -233

നബി(സ) സഫായോട് അടുത്തപ്പോൾ അവിടുന്ന് ഇപ്രകാരം ഓതി: നിശ്ചയം സഫായും മർവയും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽ പെട്ടതാണ്.[2:185] അല്ലാഹു ആരംഭിച്ചതു കൊണ്ട് ഞാനും ആരംഭിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അവിടു ന്ന് സഫയിൽ കഅബ കാണാവുന്നത്ര കയറി ഖിബ്ലക്കു നേ രെ തിരിഞ്ഞുനിന്ന് അല്ലാഹുവിനെ ഏകനാക്കുക (ലാഇലാഹ ഇല്ലല്ലാഹു) യും തക്ബീർ ചൊല്ലുകയും ചെയ്തു. ശേഷം ഇപ്രകാരം പറഞ്ഞു:

-234

അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. സർവ്വ സ്തുതിയും അവനാണ്. അവൻ സർവ്വശക്തനാണ്. അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ മാത്രമാണ്. തൻെറ വാഗ്ദത്തം അവൻ പാലിച്ചു. തൻെറ ദാസനെ അവൻ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി." പിന്നീട് അവിടുന്ന് അതിനിടയിൽ പ്രാർത്ഥിക്കുകയും അപ്രകാരം മൂന്ന് തവണ പറയുകയും ചെയ്തു. സഫയിൽ ചെയ്തതു പോലെ പിന്നീട് മർവയിൽ വെച്ചും ചെയ്തു. [മുസ്ലിം]

119-അറഫയിൽ വെച്ചുള്ള പ്രാർത്ഥന

-235

പ്രാർത്ഥനയിൽ ഉത്തമമായത് അറഫയിലെ പ്രാർത്ഥനയാണ്. ഞാനും എൻെറ മുൻഗാമികളായ നബിമാരും പറഞ്ഞതിൽ ഉത്തമമായത് ലാഇലാഹ ഇല്ലല്ലാഹു... ... ... [തുർമുദി]

120- മശ്അറുൽ ഹറാമിൽ വെച്ചുള്ള പ്രാർത്ഥന

നബി (സ) തൻെറ ഖസ്വ്വാഅ് എന്ന ഒട്ടകത്തിൽ കയറി. മശ്അറുൽ ഹറാമിൽ എത്തിയപ്പോൾ ഖിബ്ലക്കുനേരെ തിരിഞ്ഞു പ്രാർത്ഥിക്കുകയും തക്ബീറും തഹ്ലീലും ചൊല്ലുകയും ചെയ്തു. നേരം വെളുത്തശേഷം സൂര്യോദയത്തിൻെറ മുമ്പായി അവിടെ നിന്ന് പുറപ്പെടുകയും ചെയ്തു. [മുസ്ലിം]

121- ജംറയിൽ എറിയുമ്പോൾ

മൂന്ന് ജംറകളിൽ ഓരോ കല്ലുകൊണ്ട് എറിയുമ്പോഴും നബി(സ) തക്ബീർ ചൊല്ലിയിരുന്നു. പിന്നീട് അദ്ദേഹം ഒന്നും രണ്ടും ജംറകളിൽ എറിഞ്ഞ ശേഷം അൽപം മുന്നോട്ട് നീങ്ങി ഇരു കൈകളും ഉയർത്തി ഖിബ്ലക്ക് നേരെ തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ ജംറത്തുൽ അഖബയിൽ എറിയുമ്പോൾ ഓരോ കല്ലിനോടൊപ്പം തക്ബീർ ചൊല്ലുക മാത്രമാണ് ചെയ്തത്. അവിടെ നിൽക്കാതെ പിരിഞ്ഞുപോകു കയായിരുന്നു. [മുസ്ലിം]

122- ആശ്ചര്യകരവും സന്തോഷകരവുമായ കാര്യം ഉണ്ടായാൽ

-236

അല്ലാഹു എത്ര പരിശുദ്ധൻ [ബുഖാരി]

-237

അല്ലാഹു ഏറ്റവും മഹാൻ [ബുഖാരി]

123- സന്തോഷകരമായ കാര്യമുണ്ടായാൽ ചെയ്യേണ്ടത്

സന്തോഷം നൽകുന്ന വല്ല കാര്യവും നബി (സ) ക്ക് എത്തിയാൽ അല്ലാഹുവിന് നന്ദി കാണിച്ചുകൊണ്ട് അവിടുന്ന് സാഷ്ടാംഗം ചെയ്യുമായിരുന്നു. [അബൂദാവുദ്, തുർമുദി]

124- ശരീരത്തിൽ വേദന അനുഭവിക്കുമ്പോൾ

ശരീരത്തിൽ വേദനിക്കുന്ന ഭാഗത്ത് കൈ വെക്കുക, മൂന്ന് തവണ ബിസ്മില്ലാഹി എന്ന് പറയുക ശേഷം ഏഴു പ്രാവശ്യം ഇപ്രകാരവും പറയുക.

-238

എന്നെ ബാധിച്ചതിൻേറയും ഞാൻ ഭയപ്പെടുന്നതിൻേറയും വിഷമത്തിൽ നിന്ന് അല്ലാഹുവിലും അവൻെറ കഴിവിലും ഞാൻ അഭയം തേടുന്നു. [മുസ്ലിം]

125- കണ്ണേറ് ബാധിക്കുമെന്ന് ഭയന്നാൽ

നിങ്ങളിലൊരാൾ തൻെറ സഹോദരനിലോ തന്നിൽ തന്നെയോ ധനത്തിലോ ആശ്ചര്യപ്പെടുത്തുന്ന വല്ലതും കണ്ടാൽ [അവൻ അവന് അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കട്ടെ] നിശ്ചയം കണ്ണേറ് യാഥാർത്ഥ്യമാണ്. [അഹ്മദ്, ഇബ്നുമാജ]

126- ഭയപ്പെടുമ്പോൾ

എന്ന് പറയുക.

127- അറവ് നടത്തുമ്പോൾ

[ ] -239

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹു ഏറ്റവും വലിയവനാണ്. [അല്ലാഹുവേ, ഇത് നിന്നിൽ നിന്നാണ്. നിനക്കുള്ളതുമാണ്] അല്ലാഹുവേ എന്നിൽ നിന്നും ഇത് സ്വീകരിക്കേണമേ. [മുസ്ലിം, ബൈഹഖി]

128- പിശാചിൻെറ കുതന്ത്രങ്ങൾ തടയാൻ

-240

പുണ്യവാനോ കുറ്റവാളിക്കോ ലംഘിക്കാൻ കഴിയാത്ത അല്ലാ ഹുവിൻെറ സമ്പൂർണ്ണമായ വചനങ്ങൾ മുഖേന അവൻ സൃഷ് ടിച്ചവയുടെ തിന്മയിൽ നിന്ന് ഞാൻ അഭയം തേടുന്നു. ആകാശത്തിൽ നിന്നിറങ്ങുന്നവയുടെയും അവിടേക്ക് കയറി പോകുന്നവയുടേയും തിന്മയിൽ നിന്നും അവൻ ഭൂമിയിൽ സൃഷ്ടിച്ചവയുടേയും അതിൽ നിന്ന് പുറപ്പെടുന്നവയുടേയും തിന്മയിൽ നിന്നും രാപകലുകളിലെ കുഴപ്പങ്ങളുടെ നാശങ്ങ ളിൽ നിന്നും രാത്രിയിൽ വന്നു ഭവിക്കുന്ന എല്ലാത്തിൻേറയും വിഷമത്തിൽ നിന്നും -(നന്മയുമായി വരുന്നവയൊഴികെ)- കാരുണ്യവാനേ ഞാൻ നിന്നിലഭയം തേടുന്നു. [അഹ്മദ്]

129- പാപമോചനമർത്ഥിക്കലും പ്രാർത്ഥിക്കലും

: ﷺ -241

നബി(സ) പറഞ്ഞു: അല്ലാഹുവാണെ, ഒരു ദിനം എഴുപതിലധി കം തവണ ഞാൻ അല്ലാഹുവിനോട് പാപമോചനത്തിനായി തേടുകയും അവങ്കലേക്ക് പശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു. [ബുഖാരി]

: ﷺ -242

നബി(സ)പറഞ്ഞു: ജനങ്ങളേ അല്ലാഹുവിലേക്ക് പശ്ചാതപിച്ചു മടങ്ങുവിൻ. ഞാൻ ഒരു ദിനം നൂറു തവണ അല്ലാഹു വിലേക്ക് പശ്ചാതപിച്ചു മടങ്ങുന്നുണ്ട്. [മുസ്ലിം]

: ﷺ -243

നബി (സ) പറഞ്ഞു: മഹാനായ അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു. അവനല്ലാതെ മറ്റൊരാരാധ്യനില്ല. ജീവിച്ചിരിക്കുന്നവനും നിയന്താവുമാണവൻ. അവനിലേക്ക് ഞാൻ ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു. എന്ന് ഒരാൾ പറഞ്ഞാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുന്നതാണ്. അവൻ യുദ്ധത്തിൽ നിന്ന് തിരിഞ്ഞോടിയവനാണെങ്കിലും ശരി. [അബൂദാവൂദ്, തുർമുദി]

: ﷺ -244

നബി(സ) പറഞ്ഞു: റബ്ബ് തൻെറ ദാസനോട് ഏറ്റവും അടുക്കു ന്നത് രാത്രിയുടെ അവസാനത്തിലാണ്. തൽസമയം അല്ലാഹു വിനെ ഓർക്കുന്നവരുടെ കൂട്ടത്തിൽ നിനക്കാവാൻ സാധിക്കു മെങ്കിൽ നീ അപ്രകാരം ആവുക. [തുർമുദി, നസാഇ]

.

ﷺ -245

നബി(സ) പറഞ്ഞു: ഒരു ദാസൻ തൻെറ നാഥനോട് ഏറ്റവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതി നാൽ സുജൂദിൽ പ്രാർത്ഥന കൂടുതലാക്കുക. [മുസ്ലിം]

: ﷺ -246

നബി(സ) പറഞ്ഞു എൻെറ മനസ്സിന് മറവി സംഭവിക്കാറുണ്ട്. ഞാൻ ഒരു ദിവസം നൂറ് തവണ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യുന്നുണ്ട്. [മുസ്ലിം]

130- തസ്ബീഹ്, തഹ്മീദ്, തഹ്ലീൽ, തക്ബീർ എന്നിവയുടെ ശ്രേഷ്ടത.

: : ﷺ -247

നബി(സ) പറഞ്ഞു: സുബ്ഹാനല്ലാഹി വബി ഹംദിഹി (ഞാൻ അല്ലാഹുവിനെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യു ന്നു) എന്ന് ഒരുദിനം നൂറ് തവണ വല്ലവനും പറഞ്ഞാൽ അവൻെറ പാപങ്ങൾ ഇളവ് ചെയ്യപ്പെടും ആ പാപങ്ങൾ സമുദ്രത്തിലെ നുരകളോളം ഉണ്ടായിരുന്നാൽ പോലും. [ബുഖാരി, മുസ്ലിം]

. : ﷺ -248

നബി(സ) പറഞ്ഞു: ലാ ഇലാഹ ഇല്ലല്ലാഹു... എന്ന് വല്ലവനും പത്ത് തവണ പറഞ്ഞാൽ അവൻ ഇസ്മാഈൽ സന്തതികളിൽ നിന്ന് നാല് അടിമകളെ മോചിപ്പിച്ചവനെ പോലെയാണ്. [ബുഖാരി, മുസ്ലിം]

: : ﷺ -249

നബി(സ) പറഞ്ഞു: നാവുകൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞ തും ത്രാസിൽ ഘനം കൂടിയതും റഹ്മാനായ അല്ലാഹു വിന് ഇഷ്ടപ്പെട്ടതുമായ രണ്ടു വചനം ഇപ്രകാരമാണ്. സുബ്ഹാനല്ലാഹി.. .. (അല്ലാഹുവിൻെറ പരിശുദ്ധിയേയും അവൻെറ മഹത്വത്തേയും ഞാൻ പ്രകീർത്തിക്കുന്നു. മഹാനായ അല്ലാഹു പരിശുദ്ധനത്രെ. [ബുഖാരി, മുസ്ലിം]

ﷺ -250

നബി(സ) പറഞ്ഞു: സുബ്ഹാനല്ലാ.. .. എന്ന് ഞാൻ പറയുന്നത് സൂര്യ രശ്മി ഏൽക്കുന്ന(ഈ ലോകത്തുള്ള)വയേക്കാൾ എനി ക്കേറ്റവും ഇഷ്ടപ്പെട്ടതാണ്. [മുസ്ലിം]

: ﷺ -251

:

നബി(സ) പറഞ്ഞു: നിങ്ങളിലൊരാൾക്ക് എല്ലാ ദിനവും ആയിരം നന്മകൾ സമ്പാദിക്കാൻ കഴിയുമോ? അപ്പോൾ സദസ്സിൽ നിന്ന് ഒരാൾ ചോദിച്ചു. ഞങ്ങളെങ്ങനെയാണ് ആയിരം നന്മകൾ നേ ടുക. അവിടുന്ന് പറഞ്ഞു. നൂറ് തവണ തസ്ബീഹ് ചൊല്ലുക. എന്നാൽ അവന് ആയിരം നന്മകൾ രേഖപ്പെടുത്തപ്പെടും. അതല്ലെങ്കിൽ അവൻെറ ആയിരം പാപങ്ങൾ ഇളവ് ചെയ്യപ്പെടും [മുസ്ലിം]

: -252

സുബ്ഹാനല്ലാഹിൽ അളീം വബിഹംദിഹി.. ... ... എന്ന് വല്ലവനും പറഞ്ഞാൽ അവന് വേണ്ടി സ്വർഗ്ഗത്തിൽ ഒരു ഈന്തപ്പന നട്ടുപിടിപ്പിക്കുന്നതാണ്. [തുർമുദി]

: : : ﷺ -253

നബി(സ) പറഞ്ഞു: അബ്ദുല്ലാഹിബ്നു ഖൈസേ സ്വർഗ്ഗത്തിലെ നിക്ഷേപങ്ങളിൽ പെട്ട ഒരു നിക്ഷേപത്തെ കുറിച്ച് നിന്നെ ഞാൻ അറിയിക്കട്ടെ. ഞാൻ പറഞ്ഞു. അതെ, തിരുദൂതരേ. അവിടുന്ന് പറഞ്ഞു: ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹി. എന്ന് പറയുക. [ബുഖാരി]

: : ﷺ -254

നബി (സ) പറഞ്ഞു: വചനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് നാലാണ്. സുബ്ഹാന.. .. ഇവയിൽ ഏതു കൊണ്ട് തുടങ്ങിയാലും പ്രശ്നമില്ല. [മുസ്ലിം]

:)) : : : ﷺ -255

: ((

(( ))

ഒരു ഗ്രാമീണൻ നബി (സ) യുടെ അടുത്ത് വന്ന് പറഞ്ഞു: എനിക്ക് പറയാൻ ചില വചനങ്ങൾ പഠിപ്പിച്ചു തന്നാലും. അവിടുന്ന് പറഞ്ഞു: അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകനാണ്. അവനൊരു കൂട്ടുകാരനുമില്ല. അല്ലാഹു ഏറ്റവും വലിയവനാണ്.. അല്ലാഹുവിനെ ഞാൻ അധികം സ്തുതിക്കുന്നു. സർവ്വലോക പരിപാലകനായ അല്ലാഹു എത്രയോ പരിശുദ്ധൻ. തന്ത്രജ്ഞനും പ്രതാപശാലിയുമായ അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ് ശേഷിയും കഴിവും. അദ്ദേഹം ചോദിച്ചു. ഇവ എൻെറ രക്ഷിതാവിനുള്ളതാണല്ലോ. എനിക്കുള്ളതെന്താണ്. നബി (സ) പറഞ്ഞു: നീ പറയുക. അല്ലാഹുവേ! നീ എനിക്ക് പൊറുത്ത് തരികയും എന്നെ നീ അനുഗ്രഹിക്കുകകയും എനിക്ക് നേരായ മാർഗ്ഗം കാണിച്ചു തരികയും എനിക്ക് ഉപജീവനം നൽകുകയും ചെയ്യേണമേ. [മുസ്ലിം]

)) : ﷺ -256

((

ഒരാൾ ഇസ്ലാം സ്വീകരിച്ചാൽ നബി (സ) അയാളെ നമസ്കാരം പഠിപ്പിക്കുകയും ശേഷം ഇപ്രകാരം പ്രാർത്ഥിക്കാനും പറയും. അല്ലാഹുവേ, നീ എനിക്ക് പൊറുത്ത് തരികയും എനിക്ക് കാരുണ്യം നൽകുകയും എന്നെ സന്മാർഗ്ഗത്തിലാക്കുകയും എനിക്ക് സൗഖ്യം തരികയും എനിക്ക് ഉപജീവനം നൽകുകയും ചെയ്യേണമേ! [മുസ്ലിം]

-257

നിശ്ചയം ദുആയിൽ ശ്രേഷ്ടമായത് അൽഹംദു ലില്ലാഹി എന്നതാണ്. ദിക്റുകളിൽ ശ്രേഷ്ടമായത് ലാ ഇലാഹ ഇല്ലല്ലാഹു എന്നതുമാണ്. [തുർമുദി, ഇബ്നുമാജ]

: -258

എന്നെന്നും അവശേഷിക്കുന്ന സുകൃതങ്ങൾ സുബ്ഹാന .. .. ..[അഹ്മദ്, ഇബ്നുമാജ]

131- നബി (സ) തസ്ബീഹ് ചൊല്ലിയത്

((ﷺ)) : -259

അബ്ദുല്ലാഹിബ്നു അംറിൽ നിന്ന് നിവേദനം അദ്ദേഹം പറയുന്നു: നബി (സ) തസ്ബീഹ് ചൊല്ലുമ്പോൾ തൻെറ വലത് കൈ കൊണ്ട് എണ്ണം പിടിക്കുന്നത് ഞാൻ കണ്ടു. [അബൂദാവൂദ്, തുർമുദി]

132- പൊതു മര്യാദകൾ

- - -260

((

സൻധ്യയായാൽ കുട്ടികളെ പുറത്തിറങ്ങുന്നത് തടയുക. കാരണം പിശാചുക്കൾ വ്യാപിക്കുന്ന സമയമാണത്. രാത്രിയിൽ ഒരു വേള കഴിഞ്ഞാൽ നിങ്ങൾ അവരെ വിട്ടേക്കുക. വാതിലു കൾ കൊട്ടി അടക്കുകയും അല്ലാഹുവിൻെറ നാമം ചൊല്ലു കയും ചെയ്യുക. കാരണം ബൻധിക്കപ്പെട്ട വാതിലുകൾ പിശാച് തുറക്കുകയില്ല. നിങ്ങളുടെ തോൽപാത്രങ്ങൾ കെട്ടുക. അല്ലാഹുവിൻെറ നാമം പറയുകയും ചെയ്യുക. പാത്രങ്ങൾ നിങ്ങൾ അടച്ചു വെക്കുക. അല്ലാഹുവിൻെറ നാമം ചൊല്ലു കയും ചെയ്യുക. അതിൻെറ മേൽ വിലങ്ങനെ വല്ലതും വെ ക്കുകയെങ്കിലും വേണം. നിങ്ങൾ വിളക്കുകൾ അണക്കുക യും ചെയ്യുക. [ബുഖാരി, മുസ്ലിം]